# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടാമ്പി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-P22/622/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 11/04/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പട്ടാമ്പി മുനിസിപ്പാലിറ്റി

സർ,

**വിഷയം : പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.സെക്രട്ടറി,നഗരകാര്യ വകുപ്പ്,തിരുവനന്തപുരം
3.ഓഫീസ് പകർപ്പ്

നമ്പർ: No.KSA PKD-P22/622/2022 തീയ്യതി: 11/04/2022

## പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-03-2020 മുതൽ 13-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദ്ശ്രീധർ | സീനിയർ ഡെപ്യൂട്ടിഡയറക്ടർ | 14-02-2022 | 26-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-02-2022 | 26-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.കെ.ആർ.പ്രകാശ് ബാബു,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീ.യു.ബിജു ആന്റണി,ഓഡിറ്റ് ഓഫീസർ
ശ്രീ.കെ.പി.മുഹമ്മദ് ഫാറുക്ക്,അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.എ).ബി.സുരേഷ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.എം.എസ്.താരീഖ്,സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പി.സരിത,സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.കെ.വി.രാജൻ,സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജിജീഷ്,സീനി.ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.എസ്.ബി.എ).തങ്ങൾ | ചെയർമാൻ | 01-04-2019 | 31-03-2020 |
| ശ്രീ. കൃഷ്മരാജ്. എൻ. പി | സെക്രട്ടറി | 01-04-2019 | 01-11-2019 |
| ശ്രീ. ഫിലിപ്പോസ് പണിക്കർ. സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-11-2019 | 10-11-2019 |
| ശ്രീ. ലതീഷ് കുമാർ. വിവി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സാജിത.എം | ഐ,സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. മഹാലിംഗം .എസ് | പ്രിൻസിപ്പാൾ, ഗവ.ഹയർ.സെക്കണ്ടറി സ്കൂൾ | 01-04-2019 | 31-03-2020 |
| ഡോ.മുഹമ്മദ് അബ്ദുറഹ്മാൻ.യു.ടി | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 01-04-2019 | 31-03-2020 |
| ശ്രീമതി.അനുമോൾ | കൃഷി ഓഫീസർ | 01-04-2019 | 11-04-2019 |
| ശ്രീമതി. രാജലക്ഷ്മി,പി.കെ | കൃഷി ഓഫീസർ | 12-04-2019 | 31-03-2020 |
| ശ്രീ. ഫിലിപ്പോസ് പണിക്കർ. സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 23-03-2020 |
| ശ്രീ. അബൂബക്കർ.വി.പി | അസിസ്റ്റന്റ് എഞ്ചിനീയർ(ഇൻ ചാർജ്ജ്) | 24-03-2020 | 31-03-2020 |
| ഡോ.ഇന്ദിര.കെ.ടി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 03-11-2019 |
| ഡോ.രാജശ്രീ.എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 04-11-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ. നിഷ.എം.എൻ | സീനിയർ വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീ. കെ.സത്യൻ | ഹെൽത്ത് ഓഫീസർ | 01-04-2019 | 03-08-2019 |
| ശ്രീ.സ്വാമിനാഥൻ, എം | ഹെൽത്ത് ഓഫീസർ | 04-08-2019 | 06-09-2019 |
| ശ്രീ.ബിജോയ് ചന്ദ്രൻ.ആർ | ഹെൽത്ത് ഓഫീസർ | 07-09-2019 | 24-09-2019 |
| ശ്രീ. സി. ടി. വിശ്വനാഥൻ | ഹെൽത്ത് ഓഫീസർ | 25-09-2019 | 08-11-2019 |
| ശ്രീ.ഉണ്ണിക്ക്യഷ്മൻ. ടി | ഹെൽത്ത് ഓഫീസർ | 09-11-2019 | 15-11-2019 |
| ശ്രീ അബ്ദുൾ നാസർ. സി.കെ | ഹെൽത്ത് ഓഫീസർ | 16-11-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.R.Prakashbabu (Audit Officer, On 03-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 08-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jijeesh (Senior Grade Auditor, On 03-03-2022)<br>Last Updated By: C.S.Santhosh (Audit Officer, On 28-03-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Jijeesh (Senior Grade Auditor, On 03-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jijeesh (Senior Grade Auditor, On 08-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 03-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-04-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 03-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-04-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Saritha P (Senior Grade Auditor, On 04-03-2022)<br>Last Updated By: Saritha P (Senior Grade Auditor, On 31-03-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Saritha P (Senior Grade Auditor, On 04-03-2022)<br>Last Updated By: Saritha P (Senior Grade Auditor, On 31-03-2022) | 1-6-1 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Saritha P (Senior Grade Auditor, On 04-03-2022)<br>Last Updated By: C.S.Santhosh (Audit Officer, On 29-03-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jijeesh (Senior Grade Auditor, On 03-03-2022)<br>Last Updated By: C.S.Santhosh (Audit Officer, On 29-03-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: K.R.Prakashbabu (Audit Officer, On 03-03-2022)<br>Last Updated By: C.S.Santhosh (Audit Officer, On 29-03-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 03-03-2022)<br>Last Updated By: C.S.Santhosh (Audit Officer, On 29-03-2022) | 1-10 |
| 13 | രസീതുകളുടെ സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല<br>Written By: Jijeesh (Senior Grade Auditor, On 03-03-2022)<br>Last Updated By: C.S.Santhosh (Audit Officer, On 29-03-2022) | 1-11 |
| 14 | വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 01-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-12 |
| 15 | യു എ നമ്പറിട്ട അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്<br>Written By: M.S.Tharick (Senior Grade Auditor, On 01-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 12-04-2022) | 1-13 |
| 16 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ- ശരിയായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണയിച്ചിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 01-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 12-04-2022) | 1-14 |
| 17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക | 1-15 |

| | | |
|---|---|---|
| | പിരിച്ചെടുക്കുന്നില്ല<br>Written By: M.S.Tharick (Senior Grade Auditor, On 01-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 12-04-2022) | |
| 18 | അനധികൃതമായി തുടരുന്ന മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 01-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 12-04-2022) | 1-15-1 |
| 19 | വിമുക്ത ഭടൻമാർക്ക് 2000 സ്ക്വയർ ഫീറ്റിനു മുകളിൽ വിസ്തീർണ്ണമുള്ള ഭവനങ്ങൾക്ക്നികുതി ഇളവ് നൽകി<br>Written By: M.S.Tharick (Senior Grade Auditor, On 01-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 12-04-2022) | 1-16 |
| 20 | അനധികൃത കെട്ടിട നിർമ്മാണങ്ങളിൽ ഫീൽഡ് പരിശോധന നടത്തുന്നില്ല<br>Written By: M.S.Tharick (Senior Grade Auditor, On 01-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-17 |
| 21 | വാടകക്കാരുമായി കരാർ പത്രം ചമച്ചിട്ടില്ല<br>Written By: K.V.Rajan (Senior Grade Auditor, On 03-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-18 |
| 22 | യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ - കുറവായി നിർണ്ണയിച്ചു<br>Written By: K.V.Rajan (Senior Grade Auditor, On 04-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-19 |
| 23 | കടമുറികളുടെ വാടക -ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 04-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-20 |
| 24 | കുടിവെള്ള പദ്ധതികൾ - വാട്ടർ ചാർജ്ജ് പിരിവ് കാര്യക്ഷമമാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 04-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-21 |
| 25 | തൊഴിൽ നികുതി പിരിവ് ഊർജ്ജിതമാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 04-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-22 |
| 26 | അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 03-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 12-04-2022) | 1-22-1 |
| 27 | റേഷൻ കടകളിൽ നിന്നും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 04-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-22-2 |
| 28 | ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 04-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-22-3 |
| 29 | വൈദ്യശാസ്ത്ര മേഖലയിൽ പ്രവർത്തിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യണം<br>Written By: K.V.Rajan (Senior Grade Auditor, On 04-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-22-4 |
| 30 | കരാറുക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: K.V.Rajan (Senior Grade Auditor, On 04-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-22-5 |
| 31 | ഇ-ടെന്ററർ ഫോറം വില ഇനത്തിൽ ലഭിച്ച തുക നഗരസഭയുടെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല<br>Written By: K.R.Prakashbabu (Audit Officer, On 05-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-23 |

| | | |
|---|---|---|
| 32 | കുടിവെള്ള വിതരണ ചുമതല ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്<br>Written By: K.P. Muhammed Farook (Asst. Audit Officer, On 02-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-24 |
| 33 | മുൻകൂർ തുക ക്രമീകരിച്ചിച്ചില്ല<br>Written By: K.P. Muhammed Farook (Asst. Audit Officer, On 02-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-25 |
| 34 | കുടിവെള്ള, ജലസേചന പദ്ധതികളുടെ തുടർനടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏൽപിച്ചിട്ടില്ല<br>Written By: K.R.Prakashbabu (Audit Officer, On 06-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-26 |
| 35 | അക്കൌണ്ടന്റ് തസ്തികയിൽ മുൻകൂർ അനുമതിയില്ലാത്ത നിയമനം- ചെലവു തുക തടസ്സപ്പെടുത്തുന്നു<br>Written By: K.P. Muhammed Farook (Asst. Audit Officer, On 02-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 12-04-2022) | 1-27 |
| 36 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല<br>Written By: K.R.Prakashbabu (Audit Officer, On 05-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-28 |
| 37 | ഗ്രാന്റ് വിനിയോഗത്തിലെ അലംഭാവം ഒഴിവാക്കേണ്ടതാണ്<br>Written By: K.R.Prakashbabu (Audit Officer, On 06-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-29 |
| 38 | വിന്നോവർ പാറ്റൽ യന്ത്രം വാങ്ങൽ- കരാർ ചമച്ചിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 01-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 12-04-2022) | 1-30 |
| 39 | ആഴ്ച ചന്ത നിർമ്മാണം പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 04-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-31 |
| 40 | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- മോണിറ്ററിംഗ് നടത്തേണ്ടതാണ്<br>Written By: Saritha P (Senior Grade Auditor, On 03-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-32 |
| 41 | ഡെപ്പോസിറ്റ് പ്രവൃത്തി - പൂർത്തീകരണ/ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 02-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 1-33 |
| **ഭാഗം 2** | | |
| 1 | യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ - രൂ.6020.00 നഷ്ടം<br>Written By: K.V.Rajan (Senior Grade Auditor, On 06-03-2022)<br>Last Updated By: K.V.Rajan (Senior Grade Auditor, On 04-04-2022) | 2-1 |
| **ഭാഗം 3** | | |
| 1 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല<br>Written By: K.R.Prakashbabu (Audit Officer, On 05-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 12-04-2022) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Saritha P (Senior Grade Auditor, On 02-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 12-04-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 03-03-2022) | 4-2 |

| | | |
|---|---|---|
| | Last Updated By: C.S.Santhosh (Audit Officer, On 29-03-2022) | |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.P. Muhammed Farook (Asst. Audit Officer, On 03-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 12-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 03-03-2022)<br>Last Updated By: C.S.Santhosh (Audit Officer, On 29-03-2022) | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Saritha P (Senior Grade Auditor, On 01-03-2022)<br>Last Updated By: C.S.Santhosh (Audit Officer, On 29-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Saritha P (Senior Grade Auditor, On 02-03-2022)<br>Last Updated By: C.S.Santhosh (Audit Officer, On 29-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Saritha P (Senior Grade Auditor, On 02-03-2022)<br>Last Updated By: C.S.Santhosh (Audit Officer, On 29-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.R.Prakashbabu (Audit Officer, On 03-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 03-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 03-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 12-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.R.Prakashbabu (Audit Officer, On 03-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 12-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വിവിധ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 21/02/2019 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല. ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 88908229 | 407662650 | 496570879 | 372920867 | 123650012 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2020 | 11-06-2020 | --- | --- |

## 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. 31.03.2020 ലെ യഥാർത്ഥത്തിലുള്ള വായ്പാ ബാലൻസ് 76660000 രൂപയാണ്. എന്നാൽ 2019-20 വർഷം ലഭ്യമായ 65600000 രൂപ മാത്രമാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയായി ബാലൻസ് ഷീറ്റിലെ B5 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്ക് ക്രമീകരിക്കേണ്ടതും ലോൺ രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ച് വായ്പ ഇനത്തിലുള്ള വരവ്, തിരിച്ചടവ്, നീക്കിയിരിപ്പ് എന്നിവയും ലോണിൽ നിന്നും പദ്ധതി നടത്തിപ്പിനായി കൈമാറിയ തുകയുടെ വിവരവും നിരീക്ഷിക്കേണ്ടതുമാണ്.
3. ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവ് **Other Income** എന്ന വരവ് ഹെഡിൽ വരവ് വെക്കുന്നതിനു പകരം **Other Liabilities** എന്ന ലയബിലിറ്റി ഹെഡിലാണ് (Head Code-350200125) വരവ് വെച്ചിട്ടുള്ളത്.
4. AUEGS പദ്ധതിയുടെ മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

**5.** വസ്തുനികുതി പരിഷ്കരണം, സഞ്ചയയിലെ ഡാറ്റാ എൻട്രി എന്നിവ നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. ആയതിനാൽ സഞ്ചയയിൽ നിന്നും ലഭ്യമാകുന്ന വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ കൃത്യമല്ല. ഈ സാഹചര്യത്തിൽ വാർഷിക ധനകാര്യ പത്രികയിലെ ഈ ഇനത്തിലുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

6. റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7.കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ച വാർഷികക്കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 38908229 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 191788698 |
| ആകെ | 230696927 |
| ചെലവ് | 182547599 |
| നീക്കിയിരിപ്പ് | 48149328 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 5192552 | 5192552 | 4018469 | 1174083 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 13894000 | 13894000 | 6556543 | 7337457 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 14052000 | 14052000 | 6773886 | 7278114 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 3251000 | 3251000 | 2494967 | 756033 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 6962000 | 6962000 | 2212110 | 4749890 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| PMAY | 1362771 | 98161833 | 99524604 | 88389816 | 11134788 |
| NULM | 441422 | 674199 | 1115621 | 397211 | 718410 |
| AUEGS | 3522229 | 5071563 | 8593792 | 8438331 | 155461 |
| TSC | 48905 | 3365 | 52270 | 1683 | 50587 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 286 | 93519629 | 119 | 31540323 | 0 | 167 | 41.60 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 2547920 | 1899075 | 74.50 |
| പ്രിൻസിപ്പൽ, GVHSS | 8 | 1 | 2340160 | 450270 | 19.24 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 4 | 4951800 | 3059089 | 61.77 |
| സെക്രട്ടറി | 20 | 7 | 13020170 | 4569490 | 35.09 |
| മുനിസിപ്പൽ എഞ്ചിനിയർ | 216 | 86 | 48333918 | 14528188 | 30.05 |
| മെഡിക്കൽ ഓഫീസർ-താലൂക്ക് ഹോസ്പിറ്റൽ | 2 | 2 | 3009295 | 1701606 | 56.54 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 500000 | 500000 | 100 |
| ഹെൽത്ത് ഓഫീസർ | 20 | 7 | 15850366 | 4332605 | 27.33 |
| വെറ്ററിനറി സർജൻ | 4 | 1 | 2966000 | 500000 | 16.85 |
| ആകെ | 286 | 119 | 93519629 | 31540323 | 33.72 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | | | | | യിരിപ്പ് |
|---|---|---|---|---|---|
| AUEGS | 3519314 | സംസ്ഥാന വിഹിതം-5000000<br>തനത് ഫണ്ട്-1200000<br>പലിശ-71563+ 2492 | 9793369 | കൂലിച്ചെലവ്-8477964<br>മറ്റീരിയൽ-584652<br>അഡ്മിൻ – 556490<br>മറ്റുള്ളവ-22134 | 152129 |
| ആകെ | 3519314 | 6274055 | 9793369 | 9641240 | 152129 |

AUEGS കാഷ് ബുക്ക് പ്രകാരം മുന്നിരിപ്പ് 3522229 രൂപയും നീക്കിയിരുപ്പ് 155461 രൂപയുമാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-6-1 തൊഴിലുറപ്പ് പദ്ധതി അവലോകനം

നഗര മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ദ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ആകെ 1608 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തതിൽ 861 കുടുംബങ്ങൾക്ക് മാത്രമാണ് തൊഴിൽ നൽകാൻ സാധിച്ചത്. കേവലം 53% പേർക്കു മാത്രമാണ് തൊഴിൽ നൽകുവാൻ സാധിച്ചത്. മുൻവർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ ലഭ്യമായിട്ടുള്ള കുടുംബങ്ങളുടെ എണ്ണം 149 ആണ്. മേഖല തിരിച്ചുള്ള ചെലവ് വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ചെലവ് |
|---|---|---|
| 1 | എസ്.സി, എസ്.ടി, കേന്ദ്രാവിഷ്കൃത പദ്ധതികൾ/ ബി.പി.എൽ കുടുംബങ്ങളുടെ ഭൂമിയിൽ ജലസേചന സൗകര്യം ഒരുക്കൽ | 57086 |
| 2 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 256744 |
| 3 | അഴുക്കുചാൽ നിർമ്മാണം, വെള്ളപ്പൊക്ക നിയന്ത്രണം | 3515031 |
| 4 | പി.എം.എ.വൈ ഭവന നിർമ്മാണം | 4707746 |
| 5 | കമ്പോസ്റ്റ് പിറ്റ് | 43704 |
| 6 | ആഴ്ച ചന്ത | 476277 |
| 7 | മറ്റീരിയൽ വില | 584652 |
| | ആകെ | 9641240 |

ആകെ 62152210 രൂപ അടങ്കലിൽ പദ്ധതികൾ ആസൂത്രണം ചെയ്തെങ്കിലും 9641240 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണത്തിന് പ്രാധാന്യം നൽകേണ്ടതും പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിരമായ പരിപാലനവും ഉറപ്പു വരുത്തുന്ന രീതിയിലും പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24000 | 17 |
| കർഷകതൊഴിലാളി പെൻഷൻ | 239400 | 77 |

| | | |
|---|---|---|
| വിധവാപെൻഷൻ | 3735000 | 1114 |
| വാർദ്ധക്യകാല പെൻഷൻ | 6122100 | 1931 |
| വികലാംഗപെൻഷൻ | 1084200 | 344 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 201600 | 65 |

**1-8 ക്യാഷ് പരിശോധന**

ക്യാഷ് പരിശോധനയുടെ വിശദാംശങ്ങൾ ഇതോടൊപ്പം 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-9 ആഭ്യന്തര നിയന്ത്രണം**

ഇതു സംബന്ധിച്ച വിശദാംശങ്ങൾ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നഗരസഭ രൂപീകരിച്ചതിന് ശേഷം പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.18 മുതൽ 13.9.18 വരെ | 2013-14 മുതൽ 2016-17 വരെ | 16.04.18 |

**1-11 രസീതുകളുടെ സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല**

കമ്പ്യൂട്ടർ സ്റ്റോക്ക് രസീത് സ്റ്റോക്ക് ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൻപ്രകാരം തിരുവനന്തപുരം ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ബിൽ നം 561156903761 തീയതി 27-12-19 പ്രകാരം 95,000 ക്യാഷ് രശീതുകൾ(12501-107500) ലഭ്യമായതായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ 26-2-2020 ന് ശേഷം 17-5-21 ന് രശീതികൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങളാണ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. രശീതികൾ വിതരണം ചെയ്തത് മറ്റൊരു രജിസ്റ്ററിൽ ചേർത്തത് പരിശോധനയ്ക്കായി ഹാജരാക്കിയെങ്കിലും ആർക്കാണ് വിതരണം ചെയ്തത്, വിതരണം ചെയ്ത തീയതി, കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ എന്നിവ രജിസ്റ്ററിൽ ചേർത്തിട്ടില്ലെന്ന് കണ്ടെത്തി. അപാകതകൾ പരിഹരിച്ച് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

**1-12 വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല**

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ, 2013 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ഭേദഗതി ചട്ടങ്ങൾ, സ.ഉ.(അ)നം.100/2013/തസ്വഭവ തിയതി 15.03.2013), സ.ഉ(സാധാ)നം.540/2019/ത.സ്വ.ഭ.വ തീയതി 06.03.19 എന്നിവ അനുസരിച്ച് പട്ടാമ്പി നഗരസഭയിലെ വസ്തുനികുതിപരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2015 നവംബർ മാസം മുതലാണ് പട്ടാമ്പി ഗ്രാമപഞ്ചായത്ത് നഗരസഭയായി ഉയർത്തിയത്. വസ്തുനികുതി നിർണ്ണയത്തിനായി പട്ടാമ്പി നഗരസഭയെ 28 വാർഡുകളാക്കി വിഭജിച്ചിരിക്കുന്നു.സ.ഉ(അ)നം.17/2011/ തസ്വഭവ, തീയതി 14-01-2011 പ്രകാരം 2015-16 മുതൽ വസ്തു നികുതി നിരക്ക് സംബന്ധിച്ച അന്തിമ വിജ്ഞാപനം 12-11-2018 ന് നഗരസഭ പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാനസൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ നഗരസഭയുടെ വിവിധ പ്രദേശങ്ങളെ പ്രാഥമികം, ദ്വിതീയം,തൃതീയം എന്നിങ്ങനെ മൂന്നു മേഖലകളായി തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവുംപുറപ്പെടുവിച്ചിട്ടുണ്ട്. വിവര ശേഖരണം, ഫോം 6 തയ്യാറാക്കൽ,

ഡാറ്റാ എൻട്രി, നമ്പർ പ്ലേറ്റ്
പതിക്കൽ എന്നീ പ്രവർത്തികൾ നഗരസഭാ ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ,ദിവസവേതനാടിസ്ഥാനത്തിലെ ജീവനക്കാർ എന്നിവരുടെ സേവനം ഉപയോഗിച്ച് 2015 മുതൽ നടത്തിവരുന്നുണ്ടെങ്കിലും നികുതി പരിഷ്കരണം നാളിതുവരെയും പൂർത്തിയായിട്ടില്ല.

വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ

പഞ്ചായത്ത് ആയിരുന്ന സമയത്ത് വസ്തു നികുതി പരിഷ്കരണം നടത്തിയിട്ടുള്ളതാണ്.നഗരസഭാ ജീവനക്കാരേയും, കുടുംബശ്രീ പ്രവർത്തകരേയും ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാരെയും ഉൾപ്പെടുത്തി വിവിധ ഘട്ടങ്ങളിലായി 28 വാർഡുകളിൽ വസ്തു നികുതിപരിഷ്കരണവിമായി ബന്ധപ്പെട്ട് വിവരശേഖരണം നടത്തുക, നമ്പർ പ്ലേറ്റ് പതിക്കുക എന്നീപ്രവർത്തികൾ നടപ്പിലാക്കുന്നതിനായി 20-10-2018 നം 24-05-2019 നം ഉത്തരവുകൾപുറപ്പെടുവിച്ചിട്ടുണ്ട്. നികുതി പരിഷ്കരിച്ച വേളയിൽ നിരവധി കെട്ടിടങ്ങൾ വിട്ടുപോയിട്ടുള്ളതുംപല കെട്ടിടത്തിന്റേയും പരിഷ്കരണത്തിനു മുമ്പുള്ള നികുതി ഒടുക്കുന്നതുകൊണ്ടും അസ്സസ്സ്മെന്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാലും സഞ്ചയ സോഫ്റ്റ് വെയറിൽഅപാകതകൾ കടന്നുകൂടിയിട്ടുണ്ട്. നിലവിൽ പല കെട്ടിടങ്ങളുടെയും തരം, വിസ്തീർണ്ണം,മേഖല എന്നിവ സംബന്ധിച്ച് സംശയം നിലനിൽക്കുന്നതിനാൽ വസ്തു നികുതി പരിഷ്കരണം 90% മാത്രമേ പൂർത്തീകരച്ചിട്ടുള്ളൂ.

**ഡാറ്റാ എൻട്രിയുടെ പുരോഗതി**

| ഘട്ടം | ബേസ് ഡാറ്റാ പ്രകാരമുള്ള എണ്ണം (ARV) | പുതിയ കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| ഫോറം 6 തയ്യാറാക്കി കൃത്യത ഉറപ്പാക്കാത്തത് | 3701 | - |
| ഫോറം 6 ന്റെ ഡാറ്റാ എൻട്രി ആരംഭിച്ചത് | 17 | 58 |
| നാളിതുവരെ അംഗീകരിച്ച ഫോറം 6 ന്റെ എണ്ണം | 11637 | 2080 |
| പരിശോധനാ ഘട്ടത്തിലുള്ളത് - റവന്യൂ ഇൻസ്പെക്ടർ/ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ | 17 | 14 |
| അംഗീകരിക്കുവാനുള്ളത് - സെക്രട്ടറി | 155 | 3 |
| ആകെ | 15527 | 2155 |

സഞ്ചയയിലെ ഡാറ്റ 3701 കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി വിവിധ ഘട്ടങ്ങളിലായി ശേഷിക്കുന്നുണ്ട്. നഗരസഭാ ജീവനക്കാരെ കൂടാതെ കുടുംബശ്രീ പ്രവർത്തകർ,ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർ എന്നിവരുടെയെല്ലാം സേവനംഉപയോഗിച്ചിട്ടും നാളിതുവരെയും നികുതി പരിഷ്കരണം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. ചട്ടപ്രകാരമുള്ള നികുതി പരിഷ്കരണം പൂർത്തീകരിക്കാത്തതിനാൽ നികുതിയിനത്തിൽവൻതോതിലുള്ള ചോർച്ച ഉണ്ടാകുന്നുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ

അടിയന്തിരമായിനഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(6-19/02-2022)മറുപടി ലഭിച്ചിട്ടുണ്ട്. സാംഖ്യ, സഞ്ചയ ഇന്റഗ്രേഷൻ നടത്തുകയും വസ്തുനികുതി ഓൺലൈൻ ആയിസ്വീക രിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതിപരിഷ്കരണ നടപടികൾ പൂർത്തിയാക്കുന്നതിനായി നിയമിച്ചിട്ടുള്ള ജീവനക്കാരുടെ സേവനം പൂർണ്ണമായും പ്രയോജനപ്പെടുത്തേണ്ടതും സത്വര നടപടികളിലൂടെ ഡാറ്റാ എൻട്രി പൂർത്തിയാക്കി വസ്തുനികുതി പരിഷ്കരണം നഗരസഭ പൂർത്തീകരിക്കേണ്ടതുമാണ്. നഗരസഭാ പരിധിയിൽ ഓരോ വർഷവും നികുതി നിർണ്ണയം നടത്തുന്ന പുതിയ കെട്ടിടങ്ങൾസഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതും ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ കൃത്യമാക്കേണ്ടതുമാണ്. 540/2019/ ത.സ്വ.ഭ.വ തീയതി 06.03.19 എന്നിവ അനുസരിച്ച് വസ്തുനികുതി പരിഷ്കരണത്തിന്റെ പ്രാബല്യ തിയതി 1-04-2016 ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.പരിഷ്കരണ തിയതി ദീർഘിപ്പിച്ച് നൽകിയിട്ടും പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 യു എ നമ്പറിട്ട അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്

2011 ലെ കേരള മുനിസിപ്പാലിറ്റി(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിലാകുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇപ്രകാരം നിർമ്മിച്ച കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന **"U.A"** എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫാറം 10-ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ(ആർ.എ) വകുപ്പ് നം. 29342/ആർ എ1/2014 തി. 19.5.14 പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തേണ്ടതും ചട്ടലംഘനങ്ങൾ പരിഹരിച്ചതിന് ശേഷം കെട്ടിടം നിയമാനുസൃതമാകുമ്പോഴും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണെന്നുള്ള നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

നഗരസഭ അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. നഗരസഭയിൽ വിവിധ വാർഡുകളിലായി അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് അസ്സസ്സ്മെന്റ് നടത്തിയിട്ടുള്ളതായി അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യമായി. എന്നാൽ അസ്സസ്സ്മെന്റ് നടത്തിയ അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയതായി രജിസ്റ്ററിൽ കാണുന്നില്ല. സഞ്ചയ സോഫ്റ്റ് വെയർ മാസ്റ്റർ സൈറ്റിങ്ങിൽ അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. അനധികൃതമായി നിർമ്മിച്ച് യു,എ നമ്പറിട്ട കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു

| ക്രമ നം. | വാർഡ് നമ്പർ | എണ്ണം | യു എ നമ്പർ | തരം | വിസ്തീർണ്ണം ച.മീ |
|---|---|---|---|---|---|
| 1 | 2 | 1 | 305(1) | പാർപ്പിടം | 9.14 |
| 2 | 3 | 1 | 521A(3) | പാർപ്പിടം | 98.59 |
| 3 | 7 | 2 | 281(1) | ഓഡിറ്റോറിയം | 400.76 |
| | | | 74(1) | പാർപ്പിടം | 73.97 &8.12 |
| 4 | 9 | 8 | 257J-4 | പാർപ്പിടം | 92.18 |
| | | | 223A | | 84.27 |
| | | | 416B-1 | | 83.15 |

| | | | | | |
|---|---|---|---|---|---|
| | | | 257J-1 | | 54 |
| | | | 226B-2 | | 48.33 |
| | | | 425A-1 | | 81.71 |
| | | | 424D | | 78.84 |
| | | | 226B-1 | | 70.52 |
| 5 | 10 | 4 | 60A | പാർപ്പിടം | 63.85 |
| | | | 8A | | 93.37 |
| | | | 280(2) | | 92.64 |
| | | | 280(1) | | 92.64 |
| 6 | 11 | 2 | 115(1) | പാർപ്പിടം | 129 |
| | | | 458(1) | ഷെഡ് | 238.94 |
| 7 | 12 | 4 | 106(3) | | 102.80 |
| | | | 659(1) | | 73.39 |
| | | | 659(2) | | 87.42 |
| | | | 659(3) | | 87.42 |
| 8 | 13 | 49 | 5 | പാർപ്പിടം | 92.87 |
| | | | 61(1) | പാർപ്പിടം | 123.25 |
| | | | 310(1) | പാർപ്പിടം | 9038 |
| | | | 1479(1) | നിള ഹോസ്പിറ്റൽ | 8750.82 |
| | | | 301(1) | പാർപ്പിടം | 56.47 |
| | | | 296(1) | പാർപ്പിടം | 55.96 |
| | | | 1783 | പാർപ്പിടം | 109.16 |
| | | | 1485(1) | പാർപ്പിടം | 55.78 |
| | | | 1485(2) | പാർപ്പിടം | 22.91 |
| | | | 1485(3) | പാർപ്പിടം | 22.93 |
| | | | 202(1) | പാർപ്പിടം | 229.92 |
| | | | 1032(1) | പാർപ്പിടം | 243.65 |
| | | | 202(2) | പാർപ്പിടം | 181.93 |
| | | | 202(3) | പാർപ്പിടം | 209.92 |
| | | | 1474(1) | പാർപ്പിടം | 85.08 |
| | | | 1474(2) | പാർപ്പിടം | 27.25 |
| | | | 1474(3) | പാർപ്പിടം | 45.34 |
| | | | 1474(4) | പാർപ്പിടം | 56.95 |
| | | | 1633(1) | പാർപ്പിടം | 155.89 |
| | | | 60(1) | പാർപ്പിടം | 74.73 |
| | | | 60(2) | പാർപ്പിടം | 60.67 |
| | | | 279(1) | പാർപ്പിടം | 74.97 |
| | | | 279(2) | പാർപ്പിടം | 63.94 |
| | | | 279(3) | പാർപ്പിടം | 39,94 |
| | | | 279(4) | പാർപ്പിടം | 39.94 |
| | | | 84(1) | പാർപ്പിടം | 52.95 |
| | | | 84(2) | പാർപ്പിടം | 36.98 |
| | | | 50(1) | പാർപ്പിടം | 60,66 |
| | | | 50(2) | പാർപ്പിടം | 61.32 |
| | | | 437(6) | പാർപ്പിടം | 62.89 |
| | | | 51(1) | പാർപ്പിടം | 15.89 |
| | | | 73(1) | പാർപ്പിടം | 55.93 |
| | | | 312(1) | പാർപ്പിടം | 155.94 |

| | | | | | |
|---|---|---|---|---|---|
| | | | 321(1) | പാർപ്പിടം | 99.68 |
| | | | 321(2) | പാർപ്പിടം | 24.81 |
| | | | 321(3) | പാർപ്പിടം | 62.90 |
| | | | 415(1) | പാർപ്പിടം | 24.87 |
| | | | 415(2) | പാർപ്പിടം | 40.13 |
| | | | 1490(1) | പാർപ്പിടം | 59.92 |
| | | | 1633(2) | പാർപ്പിടം | 101.22 |
| | | | 1536(3) | പാർപ്പിടം | 26.99 |
| | | | 1536(2) | പാർപ്പിടം | 32.04 |
| | | | 1536(4) | പാർപ്പിടം | 33.99 |

മേൽ കെട്ടിടങ്ങൾ പ്രവർത്തനക്ഷമമായതു മുതലുള്ള വസ്തുനികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ( 4/18-02-2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**<u>ഓഡിറ്റ് നിർദേശങ്ങൾ</u>**

1. അനധികൃത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച് മൂന്നിരട്ടി നികുതി ഈടാക്കേണ്ടതാണ്.
2. അനധികൃത നിർമ്മിതികൾക്കെതിരെ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടുതൽ അന്വേഷണം നടത്തേണ്ടതും അനധികൃതനിർമ്മാണങ്ങളുടെ വിവരം ശേഖരിച്ച് നികുതി/പിഴയിനത്തിൽ ലഭ്യമാകേണ്ട തുക ഈടാക്കിയ നടപടികളുടെ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-14 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ- ശരിയായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണയിച്ചിട്ടില്ല</u>

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർവരെ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് **60** രൂപയും, **100** ച.മീറ്ററിനു മുകളിൽ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് **70** രൂപയും ആണ് നഗരസഭയിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ചുവടെ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള **100** ച.മീറ്ററിനു മുകളിലുള്ള കെട്ടിടത്തെ **100** ച.മീറ്റർ വരെ വിസ്തീർണമുള്ളവയുടെ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നികുതി കുറവായിട്ടാണ് ഈടാക്കിയിരിക്കുന്നത്.

| ക്രമ നം. | വാർഡ്നം./ കെട്ടിടനം., | തറ വിസ്തീർണം (ച.മീ) | ഉപയോഗ തരം തെറ്റായി രേഖപ്പെടുത്തി നിർണയിച്ച വസ്തുനികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തുനികുതി | കുറവ് (രൂ.) |
|---|---|---|---|---|---|
| 1 | 3/234<br>കെ പി സെയ്ദ് മുഹമ്മദ്, മാനേജിംഗ് പാർട്ണർ | 693 | അടിസ്ഥാന വസ്തുനികുതി- 693 X60 =41580<br><br>ഇളവ് =4158<br>വർദ്ധനവ് = 0<br><br>വസ്തുനികുതി = 37422<br>ലൈബ്രറി സെസ്സ് = 1872<br>സർവ്വീസ് ചാർജ്ജ്-3743 | അടിസ്ഥാന വസ്തുനികുതി- 693x90=62370<br><br>ഇളവ് =6237<br>വർദ്ധനവ് =0<br><br>വസ്തുനികുതി = 56133<br>ലൈബ്രറി സെസ്സ് = 2806<br>സർവ്വീസ് ചാർജ്ജ്-5613<br>ആകെ = 64552 | 21515 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ = 43037 | | |
| 2 | 23/395<br>സൈനാബുൾ, സാജിത | 119.2 | അടിസ്ഥാന വസ്തുനികുതി- 119.2x60 =7152<br>ഇളവ് =0<br>വർദ്ധനവ് = 1430.4<br>വസ്തുനികുതി =8583<br>ലൈബ്രറി സെസ്സ് = 430<br>സർവ്വീസ് ചാർജ്ജ്-859<br>ആകെ = 9872 | അടിസ്ഥാന വസ്തുനികുതി- 119.2*70 =8344<br>ഇളവ് =0<br>വർദ്ധനവ് = 1669<br>വസ്തുനികുതി = 10013<br>ലൈബ്രറി സെസ്സ് = 501<br>സർവ്വീസ് ചാർജ്ജ്-1001<br>ആകെ = 20515 | 10643 |
| 3 | 3/235<br>കെ.പി.സെയ്ദ് മുഹമ്മദ്, മാനേജിംഗ് പാർട്ട്ണർ | 144 | അടിസ്ഥാന വസ്തുനികുതി- 144 X 60 =8640<br>ഇളവ് =0<br>വർദ്ധനവ് = 0<br>വസ്തുനികുതി = 8640<br>ലൈബ്രറി സെസ്സ് = 432<br>സർവ്വീസ് ചാർജ്ജ്-864<br>ആകെ = 9936 | അടിസ്ഥാന വസ്തുനികുതി- 144x70=10080<br>ഇളവ് =0<br>വർദ്ധനവ് = 0<br>വസ്തുനികുതി = 10080<br>ലൈബ്രറി സെസ്സ് = 504<br>സർവ്വീസ് ചാർജ്ജ്-1008<br>ആകെ = 11592 | 1656 |
| 4 | 17/154<br>അബ്ദുൽ ജലാൽ | | അടിസ്ഥാന വസ്തുനികുതി- 181.12 X 60 =10867.2<br>ഇളവ് =0<br>വർദ്ധനവ് =2173<br>വസ്തുനികുതി = 13041<br>ലൈബ്രറി സെസ്സ് = 653<br>സർവ്വീസ് ചാർജ്ജ്-1957<br>ആകെ = 15651 | അടിസ്ഥാന വസ്തുനികുതി- 181.12*70=12678.4<br>ഇളവ് =0<br>വർദ്ധനവ് =2536<br>വസ്തുനികുതി =15214<br>ലൈബ്രറി സെസ്സ് = 761<br>സർവ്വീസ് ചാർജ്ജ്-1521<br>ആകെ = 17496 | 1845 |

ആകെ **35659**/- രൂപ നികുതിയിൽ കുറവായിട്ടാണ് നിർണ്ണയിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (15/22-02-2022 ) നൽകിയിട്ടുണ്ട്. ആയതിനുള്ള മറുപടിയിൽ അപാകതകൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട് .തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

**1-15 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നില്ല**

പട്ടാമ്പി നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയ രജിസ്റ്റർ (സഞ്ചയ) പരിശോധിച്ചതിൽ 3 ടവറുകൾക്ക് മാത്രമാണ് നികുതി നിർണ്ണയിച്ചിരിക്കുന്നതെന്ന് കണ്ടെത്തി. സ.ഉ(അച്ചടി)നം.17/2011/ത.സ്വ.ഭ.വ തിയതി 14.01.2011 പ്രകാരം മൊബൈൽ ടെലിഫോൺ ടവറിന് നിർണ്ണയിക്കപ്പെട്ടിരിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 500

രൂപയാണ്. സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി നിർണ്ണയ രേഖകൾ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് / കെട്ടിട നം. | ടവർ നടത്തുന്ന ഏജൻസിയുടെ പേര്, വിലാസം | കുടിശ്ശിക തുക |
|---|---|---|---|
| 1 | 7/177 | എം.എൻ.മധു, റിലയൻസ് ഇൻഫോകോം | 56160<br>2017-18 രണ്ടാം അർദ്ധ വർഷം മുതൽ 2020-21 വരെ |
| 2 | 7/178 | ടാറ്റാ ടെലി സർവ്വീസ്, മേലെ പട്ടാമ്പി | 112936<br>2013-14 ഒന്നാം അർദ്ധ വർഷംമുതൽ 2020-21 വരെ |
| 3 | 7/608 | മാനേജർ, ഇൻഡസ് ടവ്വേഴ്സ്, പാലാരിവട്ടം | 50617 2011-12 ഒന്നാം അർദ്ധ വർഷംമുതൽ 2020-21 വരെ |

നികുതി നിർണ്ണയം നടത്തിയിട്ടുള്ള 3 ടവറുകളുടെ വസ്തുനികുതി കുടിശ്ശിക നാളിതുവരെയായിട്ടും അടവാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി ( 2/14-02-2022) മറുപടി ലഭ്യമാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും മൊബൈൽ ടവറുകളുടെ മുഴുവൻ വസ്തു നികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-15-1 അനധികൃതമായി തുടരുന്ന മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിരുന്നു. ഫയൽ നം-R1-8222/19 പരിശോധിച്ചതിൽ നിന്നും താഴെപറയുന്ന മൊബൈൽ ടവ്വറുകൾ അനധികൃതമായി നഗരസഭയിൽ കണ്ടെത്തിയിട്ടുണ്ട്.

| No. | Owner/Address | Name Of Tower | Sy No |
|---|---|---|---|
| 1 | സുബ്രമണ്യൻ, പണ്ടാരത്തൊടിയിൽ, കോട്ടപ്പടി-കൊടലൂർ6/154 | Vodafone | Sy 62 |
| 2 | ലത്തീഫ്, പുതുമനവളപ്പിൽ, ശങ്കരമംഗലം പി ഒ 706-1 | Airtel,Bsnl | Sy No-175/6B,175/6A |
| 3 | റിറ്റി ജോസ് & ഡോ ജോസ്, മേലെ പട്ടാമ്പി 7/203 | TATA INDICOM | SY5/21 |
| 4 | റിറ്റി ജോസ് & ഡോ ജോസ്, മേലെ പട്ടാമ്പി | RELIANCE | - |
| 5 | ഇന്ദിരാദേവി, സുദർശന | Vodafone/ Airtel | 5/10 |
| 6 | മൂസ, പാലത്തിങ്കൽ, മേലെ | Airtel | 5/40 |

| | | | |
|---|---|---|---|
| | പട്ടാമ്പി 6/52 | | |
| 7 | ഉമ്മർ, പറമ്പിൽ, കീഴായൂര് | Jio | 84/7 |
| 8 | ഉണ്ണീൻകുട്ടി, കോട്ടപുറത്ത്, ആമയൂർ പി ഒ | Airtel | |
| 9 | ബി എസ് എൻ എൽ ടെലിഫോൺ എക്സ്ചേഞ്ച്, പട്ടാമ്പി | BSNL | - |
| 10 | ഇബ്രാഹീം, മച്ചിങ്ങത്തൊടി, കൊട്ടുമുണ്ട | BSNL | |
| 11 | കാർത്ത്യായനി, രാമ നിലയം, മേലെ പട്ടാമ്പി | Jio | 7/35 |

അനധികൃത മൊബൈൽ ടവ്വറുകളുടെ പ്ലിന്ത് എരിയ കണക്കാക്കി 7 ദിവസത്തിനകം റവന്യൂ വിഭാഗത്തിൽ നിന്നും വിവരങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 29-07-2019/ R1-8222/19 കത്ത് നൽകിയിട്ടുണ്ട്. റവന്യൂ വിഭാഗത്തിലെ ഉദ്യോഗസ്ഥർ ഫീൽഡുതല പരിശോധന നടത്തി അനധികൃതമായി തുടരുന്ന മൊബൈൽ ടവ്വറുകളുടെ പ്ലിന്ത് എരിയ കണക്കാക്കി റിപ്പോർട്ട് നാളിതുവരെയായിട്ടും സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (2/14-02-2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

അനധികൃത മൊബൈൽ ടവറുകളുടെ പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>1-16 വിമുക്ത ഭടൻമാർക്ക് 2000 സ്ക്വയർ ഫീറ്റിനു മുകളിൽ വിസ്തീർണ്ണമുള്ള ഭവനങ്ങൾക്ക്നികുതി ഇളവ് നൽകി</u>**

സഞ്ചയ സോഫ്റ്റ്വെയറിലുള്ള വസ്തു നികുതി പരിശോധിച്ചതിൽ വിമുക്ത ഭടൻമാർക്ക് 2000 സ്ക്വയർ ഫീറ്റ് മുകളിൽ വിസ്തീർണ്ണമുള്ള ഭവനങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്.

വിമുക്ത ഭടൻമാരുടെ 2000 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള ഭവനങ്ങൾക്ക് സ.ഉ(കൈ)നം. 106/2017/ ത.സ്വ.ഭ.വ തീയതി 26.05.2017 പ്രകാരം നികുതി ഇളവു ലഭ്യമാകുന്നതിന് ഓരോ വർഷവും ഉത്തരവിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള മാതൃകയിൽ ഒരു സാക്ഷ്യപത്രം സെക്രട്ടറിക്ക് നൽകേണ്ടതാണ്. സഞ്ചയയിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ പ്രകാരം 20 പേർക്ക് മേൽപ്പറഞ്ഞ വിഭാഗത്തിലുൾപ്പെടുത്തി നികുതി ഇളവു നൽകിയിട്ടുണ്ട്. ഇതിൽ താഴെ പട്ടികയിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം 2000 സ്ക്വയർ ഫീറ്റിനു മുകളിലാണ്. മേൽ ഉത്തരവിലെ ഖണ്ഡിക -2 പ്രകാരം വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള തറ വിസ്തീർണ്ണം 2000 ച. അടി എന്നത് നിലനിർത്തേണ്ടതും എന്നാൽ 2000 ച. അടിയിൽ കൂടുതലായി തറ വിസ്തീർണ്ണം വരുന്ന പക്ഷം കൂടുതലായി വരുന്ന തറ വിസ്തീർണ്ണത്തിനു മാത്രം അതാത് കാലത്ത് നിലവിലുള്ള നിയമപ്രകാരം നികുതി ഈടാക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2019-20 ലേക്ക് നികുതി ഇളവിനായി വിമുക്ത ഭടൻമാർ സമർപ്പിച്ച സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | വാർഡ് നമ്പർ- കെട്ടിട നം. | പേര്, മേൽവിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച. മീ) | കെട്ടിടത്തിന്റെ വിസ്തീർണ്ണം സ്ക്വയർ ഫീറ്റ് | അധിക വിസ്തീർണ്ണത്തിന് കണക്കാക്കിയ തുക |
|---|---|---|---|---|---|
| 1 | 2/151 | ശാന്തകുമാരി സുജനിവാസ് | 196 ച. മീ | 2108.96 | 108.96*3.5=381.36 |
| 2 | 16/174 | വിനോദ് ടി.ടി | 209.48 ച .മി | 2254 | 254*7-1778 |

| | | | | | |
|---|---|---|---|---|---|
| | | പദ്മിനി,<br>ഉഷസ്സ്,<br>കീഴായൂർ | | | |
| 3 | 21/120 | ഉണ്ണികൃഷ്ണൻ<br>ഇടതൊടി,<br>ടൗൺ ഈസ്റ്റ് | 215 ച .മി | 2313.4 | 313.4*7=2194 |

മേൽ ചൂണ്ടി കാണിച്ച വ്യക്തിക്കൾക്ക് മേൽപ്പറഞ്ഞ വിഭാഗത്തിലുൾപ്പെടുത്തി നികുതി ഇളവ് നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി 9-21/02/2022 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നമ്പർ 1 &3 പ്രകാരമുള്ള കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക ഡിമാന്റ് നോട്ടീസ് നൽകി ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 1-17 അനധികൃത കെട്ടിട നിർമ്മാണങ്ങളിൽ ഫീൽഡ് പരിശോധന നടത്തുന്നില്ല

2019-20 വർഷത്തിലെ നഗരസഭയുടെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നഗരസഭയുടെ പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം 56 കെട്ടിടങ്ങൾ റെഗുലറൈസേഷൻ നടത്തിയിട്ടുണ്ട്. വാർഷിക കണക്ക് പ്രകാരം ഈയിനത്തിൽ **2,38,734-** വരവുണ്ട്. മുൻസിപ്പൽ സെക്രട്ടറിയുടെ മുൻകൂർ അനുമതി ലഭ്യമാക്കാതെയാണ് കൂടുതൽ നിർമ്മാണങ്ങളും നഗരസഭാ പ്രദേശത്ത് നടക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. സെക്രട്ടറിയുടെ മുൻകൂർ അനുമതി കൂടാതെ നഗരസഭയിൽ പരിധിയിൽ യാതൊരു നിർമ്മാണ പ്രവർത്തികളും നടത്താൻ പാടില്ലെന്ന് കേരള മുൻസിപ്പാലിറ്റി നിയമം /ചട്ടങ്ങൾ, കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ലെ ചട്ടം 90 പ്രകാരം നിയമാനുസൃതമല്ലാത്ത നിർമ്മാണങ്ങൾ പൊളിച്ചു കളയുന്നതിനുള്ള അധികാരം) കൂടാതെ ഇത്തരം അനധികൃത നിർമ്മാണങ്ങളിൽ കെട്ടിട നമ്പർ ആവശ്യമായി വരുന്നവ മാത്രമാണ് [പുതിയ നിർമ്മാണങ്ങൾ] നിയമാനുസൃതം അപേക്ഷ നൽകി ക്രമവൽക്കരിക്കപ്പെടുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധനകൾ നടത്തി അനുമതി കൂടാതെ നഗരസഭാ പ്രദേശത്ത് മറ്റ് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നന്നില്ലായെന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

നഗരസഭയിൽ ക്രമവൽക്കരിക്കുവാൻ ലഭിച്ച അപേക്ഷകളിൻമേൽ സാങ്കേതിക വിഭാഗം സ്ഥല പരിശോധന നടത്തി, നിർമ്മാണത്തിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 -ലെ വ്യവസ്ഥകളുടെ ലംഘനമുണ്ടായിട്ടുണ്ടോയെന്ന്പരിശോധിക്കുകയും ആയത് ക്രമവൽക്കരിക്കുന്നതിന് Kerala Municipality Building [Regularisation Of Unauthorised Construction] Rules, 2018 പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം:4/18.02.22) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധനകൾ നടത്തുന്നില്ലായെന്നും ഓഡിറ്റ് നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നഗരസഭാ ജീവനക്കാർ ഫീൽഡ് പരിശോധനകൾ കാര്യക്ഷമമാക്കി അനുമതി കൂടാതെ ഏതെങ്കിലും നിർമ്മാണങ്ങൾ നഗരസഭ പരിധിയിൽ നടക്കുന്നത് ബോധ്യപ്പെടുന്ന പക്ഷം ആയത് നിയമാനുസൃതം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നഗരസഭ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് സഹായകരമാവുന്ന ഇത്തരം നടപടികളിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കാര്യക്ഷമമായി ഇടപെട്ട് മോണിട്ടറിംഗ് ശക്തിപ്പെടുത്തേണ്ടതാണ്.

## 1-18 വാടകക്കാരുമായി കരാർ പത്രം ചമച്ചിട്ടില്ല

2019-20 വർഷം വർഷത്തിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ, ഹാളുകൾ എന്നിവയിലെ ഏതാനും വാടകക്കാരുമായി 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ പ്രകാരം വാടകകരാർ ചമച്ചിട്ടില്ല. 1959-ലെ കേരള

സ്റ്റാമ്പ് ആക്ട്, ക്ലോസ് (ജി): ക്രമ നമ്പർ 5 പ്രകാരം മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമക്കാത്തതിനാൽ മുദ്ര പത്ര വില ഇനത്തിൽ സംസ്ഥാന സർക്കാരിന് 10600.00 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കരാർ ചമയ്ക്കാത്ത വാടകക്കാരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

**എൻ ബി എസ്**

| ക്രമ നം. | ലൈസൻസിയുടെ പേര് | കട മുറി നം. | ക്രമ നം. | ലൈസൻസിയുടെ പേര് | കട മുറി നം. |
|---|---|---|---|---|---|
| 1 | ബാലകൃഷ്ണൻ | 2 | 14 | മണികണ്ഠൻ | 19 |
| 2 | ശാന്ത | 3 | 15 | മുഹമ്മദ് ഹുസൈൻ | 20 |
| 3 | സുധീർ | 4 | 16 | പാർവ്വതി | 21 |
| 4 | അബ്ദുൾ കഹാർ | 6 | 17 | അലി അക്ബർ | 22 |
| 5 | സുലൈമാൻ | 8 | 18 | മൊയ്തീൻകുട്ടി | 23 |
| 6 | അബ്ദുൾ റഷീദ് | 9 | 19 | മോഹൻദാസ് | 24 |
| 7 | അലി | 11 | 20 | ജയറാം | 25 |
| 8 | ശ്രീധരൻ | 12 | 21 | ബേബി | 26 |
| 9 | രമേഷ് | 13 | 23 | ഉണ്ണികൃഷ്ണൻ | 27 |
| 10 | അവറാൻ | 15 | 24 | ബേബി | 28 |
| 11 | ജയപ്രകാശ് | 16 | 25 | രാജൻ | 29 |
| 12 | സൽമ | 17 | 26 | മണികണ്ഠൻ | 30 |
| 13 | സുരേഷ് | 18 | | | |

**എൻ എസ് സി**

| ക്രമ നം. | ലൈസൻസിയുടെ പേര് | കട മുറി നം. | ക്രമ നം. | ലൈസൻസിയുടെ പേര് | കട മുറി നം. |
|---|---|---|---|---|---|
| 1 | ഹംസ | 1 | 10 | അനിൽകുമാർ | 15 |
| 2 | മുഹമ്മദ് | 4 | 11 | രവികുമാർ | 18 |
| 3 | കലേഷ് | 7 | 12 | ശ്രീകല | 19 |
| 4 | അബ്ദുൾ ജബ്ബാർ | 8 | 13 | രാജഗോപാലൻ | 20 |
| 5 | ഗഫൂർ | 10 | 14 | രാജഗോപാലൻ | 21 |
| 6 | സുലൈമാൻ | 11 | 15 | സ്മിത | 22 |
| 7 | കബീർ | 12 | 16 | നിഷാദ് | 23 |
| 8 | ഷംസുദ്ദീൻ | 13 | 17 | സൽമാൻ ഫാരിസ് | 26 |
| 9 | ഷംസുദ്ദീൻ | 14 | 18 | രാഗേഷ് | കോണിമുറി |

**എൻ എം എസ്**

| ക്രമ | ലൈസൻസിയുടെ പേര് | കട മുറി |
|---|---|---|

| നം. | | നം. |
|---|---|---|
| 1 | ഹുസൈൻ | 4 |
| 2 | അബ്ദുൾ സത്താർ | 8 |
| 3 | ഷൗക്കത്ത് അലി | 13 |
| 4 | നിഷാദ് | 17 |
| 5 | തരീക്കുട്ടി | 18 |
| 6 | മുഹമ്മദ് ബഷീർ | 19 |
| 7 | സക്കീർ | 22 |
| 8 | കുഞ്ഞാലൻ കുട്ടി | 23 |
| 9 | റഷീദ് | 25 |

ഓഡിറ്റ് അന്വേഷണം നം 5 തീയതി 18.2.22 ന് ലഭ്യമാക്കിയ മറുപടിയിൽ മുദ്രപത്ര ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ടിയിരുന്ന തുക വാടകക്കാരിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.
യഥാസമയം വാടകക്കാരുമായി കരാർ ചമയ്ക്കാത്തത് നഗരസഭയുടെ വീഴ്ചയാണ്. ഇത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1) 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും, കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ഫാറം III ബി യിലെ മാതൃക പ്രകാരം യഥാസമയം തന്നെ വാടകകരാറുകൾ ചമയ്ക്കേണ്ടതാണ്.

2) മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമക്കാത്തതിനാൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

3) കരാർ ചമക്കാത്തതിനാൽ വാടകക്കാരുമായി ഉണ്ടായേക്കാവുന്ന നിയമവ്യവഹാരങ്ങളിൽ നിയമപരിരക്ഷ ലഭിക്കാതെ വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ - കുറവായി നിർണ്ണയിച്ചു

2011 ലെ കേരള മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 15 ലെ വ്യവസ്ഥകൾ പ്രകാരം യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ കുതിര ശക്തിയുടെ അടിസ്ഥാനത്തിൽ ഈടാക്കാവുന്നതാണ്. 2019-20 വർഷത്തിൽ ലൈസൻസ് അനുവദിച്ച സൂപ്പർ ഗ്രാനൈറ്റ്സ് എന്ന ക്രഷർ യൂണിറ്റ് സ്ഥാപനത്തിൽ നിന്നും ചട്ട പ്രകാരമുള്ള യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ ഈടാക്കിയിട്ടില്ല. വാർഷിക ഫീ ഈടാക്കിരിക്കുന്നത് അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ CONCENT TO OPERATE ൽ സാക്ഷ്യപ്പെടുത്തിയ കുതിരശക്തി അടിസ്ഥാനമാക്കിയിട്ടല്ലാത്തതിനാൽ 6020.00 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-20 കടമുറികളുടെ വാടക -ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം

2019-20 വർഷത്തെ വാടക വരവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 565(ബി) പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭയിലെ വിവിധ കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല.

2) നഗരസഭയിലെ കടമുറികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഇനം | എൻ ബി എസ് | എൻ എസ് സി | എൻ എം എസ് | ആകെ |
|---|---|---|---|---|
| ആകെ മുറികളുടെ എണ്ണം | 31 | 29 | 34 | 94 |

| | | | | |
|---|---|---|---|---|
| പ്രവർത്തനക്ഷമമായാവയുടെ എണ്ണം | 31 | 29 | 34 | 94 |
| വാടകക്ക് നല്കിയവയുടെ എണ്ണം | 31 | 24 | 25 | 80 |
| ഒഴിഞ്ഞു കിടക്കുന്നവയുടെ എണ്ണം | 0 | 5 | 9 | 14 |
| പട്ടിക ജാതി / പട്ടിക വർഗ്ഗ സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല | | | |
| ഭിന്നശേഷി വിഭാഗ സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല | | | |
| വിധവകൾക്കുള്ള സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല | | | |

2000 ലെ മുനിസിപ്പാലിറ്റി(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ 10 പ്രകാരം നഗരസഭയിലെ ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ/ സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടി സംവരണം ചെയ്തു നൽകേണ്ടതാണ്. ഈ വ്യവസ്ഥ പാലിച്ചിട്ടില്ല.

3) വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
4) 2000 ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം 7(2)- ഫാറം III പ്രകാരം കരാറുകൾ ചമച്ചിട്ടില്ല.
**ഓഡിറ്റ് നിർദ്ദേശങ്ങൾ**

എ) 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമ പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്.

ബി) 2000 ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 10 പ്രകാരം നഗരസഭയിലെ ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ/ സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടി സംവരണം ചെയ്ത് പ്രസ്തുത വിഭാഗങ്ങൾക്ക് അനുവദിക്കേണ്ടതാണ്.

സി) വാടകക്കാരുമായി 2000 ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം 7(2)- ഫാറം III പ്രകാരം പ്രകാരം കരാർ ചമയ്ക്കേണ്ടതാണ്.

ഡി) വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയും, സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

സി) ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ ലേലം മുഖേന കൈമറുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**<u>1-21 കുടിവെള്ള പദ്ധതികൾ - വാട്ടർ ചാർജ്ജ് പിരിവ് കാര്യക്ഷമമാക്കണം</u>**

നഗരസഭ നേരിട്ട് നടത്തുന്ന വൻകിട കുടിവെള്ള പദ്ധതിയിൽ 31 പമ്പിങ്ങ് സ്റ്റേഷനുകളും മാധവൻകുന്ന് (125000 ലിറ്റർ), ശങ്കരമംഗലം (330000 ലിറ്റർ) എന്നിവിടങ്ങളിൽ *ഓവർ ഹെഡ് ടാങ്കുകളും നഗരസഭ കോംപൗണ്ടിൽ ഭൂഗർഭ സംഭരണിയും ( 5 ലക്ഷം ലിറ്റർ)* ഉണ്ട്. 2019-20 വർഷം നഗരസഭ 4492 ഉപഭോക്താക്കൾക്ക് കുടിവെള്ളം വിതരണം നടത്തിയിരുന്നു. വാട്ടർ ചാർജ്ജ് ഇനത്തിൽ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം തൻവർഷത്തെ വരവ് 5,176,201.00 രൂപയും കുടിശ്ശിക ഇനത്തിൽ 1,92,238.00 രൂപയും (ആകെ - 5368439.00) വരവുണ്ട്. ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂൾ പ്രകാരം തൻവർഷത്തെ കുടിശ്ശികയായി 2,323,799.00 രൂപയും

മുൻവർഷങ്ങളിലെ കുടിശ്ശിക ഇനത്തിൽ 5,371,398.00 രൂപയും ( ആകെ രൂ.7695197.00) പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് നഗരസഭ നിയമാവലി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. കൂടാതെ വാട്ടർചാർജ്ജ് കൃത്യമായി പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുമില്ല. വാട്ടർചാർജ്ജ് കളക്ഷൻ, കുടിശ്ശിക എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ ഡിമാന്റ് രജിസ്റ്റർ, കൺസ്യൂമർ രജിസ്റ്റർ, ലെഡ്ജറുകൾ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.17/25.02.22)

**ഓഡിറ്റ് നിർദ്ദേശം**

1) ഉപഭോക്താക്കളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ കൺസ്യൂമർ രജിസ്റ്റർ, ലെഡ്ജറുകൾ എന്നിവ കാലികമാക്കേണ്ടതാണ്.

2) വാട്ടർചാർജ്ജ് ഡിമാന്റ് രജിസ്റ്റർ കാലികമാക്കി വർഷവസാനം സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3) എല്ലാ മാസവും കൃത്യമായി മീറ്റർ റീഡിംഗി നടത്തി ഉണഭോക്താക്കൾക്ക് ബിൽ/ഇൻവോയ്സ് നൽകുന്നതിന് സംവിധാനമൊരുക്കേണ്ടതാണ്.

4) കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) യഥാസമയം വാട്ടർചാർജ്ജ് അടവാക്കാത്തവരിൽ നിന്നും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം പിഴപലിശ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) കുടിവെള്ള പദ്ധതിയുടെ ആവർത്തന ചെലവുകളുടെ വർദ്ധനയ്ക്കനുസൃതമായി വാട്ടർ ചാർജ്ജ് നിരക്കുകൾ പരിഷ്കരിക്കാവുന്നതാണ്.

7) കുടിവെള്ള വിതരണ സംവിധാനത്തിന്റെ വരവ് - ചെലവുകളും ഉപഭോക്താക്കളുടെ അടിസ്ഥാന വിവരങ്ങളും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

8) 1986 ലെ THE KERALA WATER SUPPLY AND SEWERAGE ACT, 1991 ലെ The Kerala Water Authority (Water Supply) Regulations എന്നിവയിലെ വ്യവസ്ഥകൾ മാതൃകയാക്കി നഗരസഭയിലെ കുടിവെള്ള വിതരണത്തിന് ബൈലോ തയ്യാറാക്കി സർക്കാർ അംഗികാരം തേടാവുന്നതാണ്.

9) നഗരസഭയിലെ കുടിവെള്ള വിതരണ സംവിധാനത്തിന്റെ നടത്തിപ്പിന് മതിയായ യോഗ്യതയുള്ള സാങ്കേതിക ജീവനക്കാരെ ഉൾപ്പെടുത്തി തൃശ്ശൂർ കോർപറേഷനിലെ വൈദ്യുതി വിഭാഗത്തിന്റെ മാതൃകയിൽ പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിനായി സർക്കാർ അനുമതി തേടുന്നത് ഉചിതമായിരിക്കും.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-22 തൊഴിൽ നികുതി പിരിവ് ഊർജ്ജിതമാക്കണം**

2019-20 വർഷത്തെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

**1-22-1 അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കണം**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം നഗരസഭാ പ്രദേശത്ത് അഭിഭാഷക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകരിൽ നിന്നും ഓരോ അർധ വർഷവും

1250.00 രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം അഭിഭാഷകരിൽ നിന്നും 2019-20 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അഭിഭാഷകന്റെ പേര് | തൊഴിൽ നികുതി - ഡിമാന്റ് രജിസ്റ്റർ - പേജ്& ക്രമ നം. | 2020-21-ഒന്നാം അർധ വർഷം ചുമത്തേണ്ട തൊഴിൽ നികുതി | 2020-21-ഒന്നാം അർധ വർഷം ചുമത്തേണ്ട തൊഴിൽ നികുതി | ആകെ -കുറവ് |
|---|---|---|---|---|---|
| 1 | അഡ്വ.കൃഷ്ണകുമാർ | 31/172 | 1250.00 | 1250.00 | 2500.00 |
| 2 | അഡ്വ.കെ.വി.മനോജ് | 32/186 | 1250.00 | 1250.00 | 2500.00 |
| 3 | അഡ്വ.രാധാകൃഷ്ണൻ | 35/216 | 1250.00 | 1250.00 | 2500.00 |
| 4 | അഡ്വ.രാജേഷ് | 35/217 | 1250.00 | 1250.00 | 2500.00 |
| 5 | അഡ്വ.ശിവകുമാർ | 35/218 | 1250.00 | 1250.00 | 2500.00 |
| 6 | അഡ്വ.ഹാറൂൺ റഷീദ് | 35/219 | 1250.00 | 1250.00 | 2500.00 |
| 7 | അഡ്വ.രാമനുണ്ണി | 35/220 | 1250.00 | 1250.00 | 2500.00 |
| 8 | അഡ്വ.ജയദേവൻ | 36/221 | 1250.00 | 1250.00 | 2500.00 |
| 9 | അഡ്വ.രവീന്ദ്രനാഥ് | 36/222 | 1250.00 | 1250.00 | 2500.00 |
| 10 | അഡ്വ.മുഹമ്മദലി | 36/223 | 1250.00 | 1250.00 | 2500.00 |
| 11 | അഡ്വ.അലി.ടി.വി | 36/224 | 1250.00 | 1250.00 | 2500.00 |
| 12 | അഡ്വ.കൃഷ്ണദാസ് | 36/225 | 1250.00 | 1250.00 | 2500.00 |
| 13 | അഡ്വ.സുനിത | 36/226 | 1250.00 | 1250.00 | 2500.00 |
| 14 | അഡ്വ.ദീപ്തി | 36/227 | 1250.00 | 1250.00 | 2500.00 |
| 15 | അഡ്വ.ഹനീഫ | 36/228 | 1250.00 | 1250.00 | 2500.00 |
| 16 | അഡ്വ.പി മനോജ് | 37/235 | 1250.00 | 1250.00 | 2500.00 |
| 17 | അഡ്വ.തരുൺദത്ത് | 37/236 | 1250.00 | 1250.00 | 2500.00 |
| 18 | അഡ്വ.സരിത്ത് കോട്ടക്കൽ | 37/237 | 1250.00 | 1250.00 | 2500.00 |
| 19 | അഡ്വ.മനോജ് | 37/238 | 1250.00 | 1250.00 | 2500.00 |
| 20 | അഡ്വ.സ്മിത മനോജ് | 37/239 | 1250.00 | 1250.00 | 2500.00 |
| 21 | അഡ്വ. രൺധീർ | 37/240 | 1250.00 | 1250.00 | 2500.00 |
| 22 | അഡ്വ. സിനി രൺധീർ | 38/241 | 1250.00 | 1250.00 | 2500.00 |
| 23 | അഡ്വ.വിദ്യാധരൻ | 38/242 | 1250.00 | 1250.00 | 2500.00 |
| 24 | അഡ്വ.സജിമോൾ | 38/243 | 1250.00 | 1250.00 | 2500.00 |
| 25 | അഡ്വ.കെ.ടി.സതീഷ് | 38/244 | 1250.00 | 1250.00 | 2500.00 |
| 26 | അഡ്വ.എസ്.നിഷ | 38/245 | 1250.00 | 1250.00 | 2500.00 |
| 27 | അഡ്വ.എം. വിജയകുമാർ | 38/246 | 1250.00 | 1250.00 | 2500.00 |
| 28 | അഡ്വ.സുനിൽ മേനോൻ | 75/235 | 1250.00 | 1250.00 | 2500.00 |
| 29 | അഡ്വ.രവീന്ദ്രനാഥ് | 85/338 | 1250.00 | 1250.00 | 2500.00 |
| 30 | അഡ്വ.മെഹബൂബ് | 85/339 | 1250.00 | 1250.00 | 2500.00 |
| 31 | അഡ്വ.സെയ്ദ് മുഹമ്മദ് | 85/340 | 1250.00 | 1250.00 | 2500.00 |
| | ആകെ | | | | 77500.00 |

അഭിഭാഷകരിൽ തൊഴിൽ നികുതി ഈടാക്കാത്തതിനാൽ 2019-20 വർഷം നഗരസഭക്ക് 77500.00 രൂപ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 19/24-02-2022 ന് ലഭ്യമാക്കിയ മറുപടിയിൽ അഭിഭാഷകർ തൊഴിൽ നികുതി അടവാക്കുന്നതിൽ വിമുഖത കാട്ടിവരുന്നുണ്ടെന്നും, ബന്ധപ്പെട്ട കോടതികളുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരുമെന്നും നഗരസഭ അറിയിച്ചിട്ടുണ്ട്.

നഗരസഭ പരിധിയിൽ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22-2 റേഷൻ കടകളിൽ നിന്നും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കണം

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും 2019-20 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019 ലെ (സി.എസ്)എ.9/764/2019-ാം നമ്പർ കത്തിൽ റേഷൻകടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന 8 റേഷൻകടകളിൽ നിന്നും താലൂക്ക് സപ്ലൈ ഓഫീസർ മുഖേന 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. റേഷൻകടകളിൽ നിന്നും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

## 1-22-3 ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കണം

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2), 3(8) എന്നിവ പ്രകാരം ആധാരമെഴുത്തുകാരും, സ്റ്റാമ്പ് വെണ്ടർമാരും തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. 2019-20 ഒന്നും രണ്ടും അർധ വർഷങ്ങളിൽ പട്ടാമ്പി സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവൃത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-22-4 വൈദ്യശാസ്ത്ര മേഖലയിൽ പ്രവർത്തിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യണം

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2 മുതൽ 11 വരെ) പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള നഗരസഭ പരിധിയിലെ വിവിധ മേഖലകളിലെ തൊഴിൽ വിഭാഗങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ധർ മറ്റു സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ മുതലായവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഇത്തരം വിഭാഗങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22-5 കരാറുക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(10) പ്രകാരം നഗരസഭാ പ്രദേശത്തെ കരാറുകാരിൽ നിന്നും നിന്നും ഓരോ അർധ വർഷവും 1250.00 രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. നഗരസഭയിലെ വിവിധ മരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ നേടി നഗരസഭയുമായി കരാർ പത്രം ചമച്ചിട്ടുള്ള കരാറുകാരിൽ 2019-20 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് നടത്തി, ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | ഷംസുദ്ദീൻ |
| 2 | ഇസ്മയിൽ കെ പി |
| 3 | നൗഷാദ് |
| 4 | മുഹമ്മദ് മുസ്തഫ ടി എം |
| 5 | റഷീദ് പി |
| 6 | നിയാസ് വൈ |
| 7 | മുഹമ്മദ് റഫീക്ക് ടി എം |
| 8 | അലി എം |
| 9 | അബൂബക്കർ വി |
| 10 | എൻ ടി ഹംസ |
| 11 | മുഹമ്മദ് അമീൻ സി |
| 12 | ഗിരീഷ് സി |
| 13 | യൂസഫ് എ എം |
| 14 | ഹാജ ഹുസൈൻ |
| 15 | അബ്ദുൾ ജലീൽ |
| 16 | അയ്യൂബ് പി |
| 17 | അബ്ദുറഹിമാൻ |
| 18 | ഉസ്മാൻ പി പി |
| 19 | അലി എം |

കൂടാതെ 2019-20 വർഷത്തിൽ നഗരസഭ പ്രദേശത്തെ വിവിധ സ്വകാര്യ നിർമ്മാണ പ്രവർത്തികൾ നടത്തിയിരുന്ന കരാറുക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2019-20 വർഷം നഗരസഭയിലെ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരിൽ 2019-20 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

**1-23 ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച തുക നഗരസഭയുടെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല**

വിവിധ വർഷങ്ങളിലായി നഗരസഭയിൽ നിന്നും ഇ-ടെന്റർ നടത്തിയ വകയിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട ടെന്റർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചുവന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനീയറുടെ SBI പട്ടാമ്പി ബ്രാഞ്ചിൽ 67352350399 എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും 1,95,784 രൂപ നീക്കിയിരിപ്പായി അവശേഷിക്കുകയും ചെയ്യുന്നുണ്ട്. ഈ തുക നഗരസഭയുടെ തനതു ഫണ്ടിലേക്ക് മാറ്റിയിട്ടില്ല. ആയത് നഗരസഭയുടെ തനതു ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-24 കുടിവെള്ള വിതരണ ചുമതല ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്**

നഗരസഭാ പരിധിയിൽ നഗരസഭ നേരിട്ട് നടത്തുന്ന മുപ്പത്തിയൊന്ന് കുടിവെള്ള പദ്ധതികളാണുള്ളത്. ഈ കുടിവെള്ള പദ്ധതികൾ സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരം ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തതു കാരണം ഭാരിച്ച നഷ്ടം തനതു ഫണ്ടിനുണ്ടാകുന്നുണ്ട്. ഗുണഭോക്തൃ സമിതികൾക്ക് കൈമാറി തനതു ഫണ്ടിൽ നിന്നുള്ള ചോർച്ച കുറയ്ക്കണമെന്നുള്ള നാളിതുവരെയുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വെള്ളക്കരം ഈടാക്കുന്നതിനുള്ള ബൈലോ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഈ പദ്ധതികളിൽ പൊതു ടാപ്പുകളൊന്നും നിലവിലില്ല. പദ്ധതികളുടെ നടത്തിപ്പ്, അറ്റകുറ്റപ്പണി, തൊഴിലാളികളുടെ വേതനം എന്നീ ഇനങ്ങളിൽ താഴെ പറയുന്ന ചെലവുകൾ 2019 വർഷത്തിലുണ്ടായിട്ടുണ്ട്.

**നഗരസഭ- കുടിവെള്ള വിതരണം- വരവ്- ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ**

(ക്യാഷ് ബുക്ക്, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം )

| വർഷം | വൈദ്യുതി ചാർജ് | ജീവനക്കാരുടെ വേതനം | അറ്റകുറ്റപ്പണികൾ/ മോട്ടോർ വാങ്ങൽ | ആകെ ചെലവ് | ആകെ വരവ് | അധിക ച്ചെലവ് |
|---|---|---|---|---|---|---|
| 2019-20 | 4990761 | 3639350 | 1471031 | 10101142 | തൻവർഷ വരവ് 51,76,201.00 കുടിശ്ശിക 192238.00 ആകെ- 5368439 (Afs പ്രകാരം) | 4732703 |

തനത് ഫണ്ടിൽ നിന്നും ആവർത്തിക്കപ്പെടുന്ന ഭീമമായ ചെലവു വ്യത്യാസം പരിഹരിക്കപ്പെടുന്നതിലേക്ക് താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

(A) നഗരസഭയുടെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതികളുടെയും ഓരോ കുടിവെള്ള പദ്ധതികളുടേയും പരിധിയിലുള്ള ഉപഭോക്താക്കളുടേയും വ്യക്തമായ കണക്കുകൾ ലഭ്യമാക്കി ക്രോഡീകരിച്ച് കാലികമാക്കി സൂക്ഷിക്കുക.

(B) വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച വ്യക്തമായ കണക്കുകൾ ഉണ്ടാക്കുകയും അത് പിരിച്ചെടുക്കാനുള്ള നടപടികൾ ഊർജിതപ്പെടുത്തുകയും ചെയ്യുക.

(C) വെള്ളക്കരം പിരിവ് സംവിധാനം കാര്യക്ഷമമാക്കുകയും അക്കൌണ്ടിംഗ് സംവിധാനം കാലികമാക്കുകയും ചെയ്യുക

(D) അനധികൃത കണക്ഷനുകൾ ഇല്ലെന്നുറപ്പ് വരുത്തുന്നതിന് പരിശോധന കാര്യക്ഷമമാക്കുക.
(E) കുടിവെള്ളം ദുരുപയോഗപ്പെടുത്തുന്നത് തടയാനുള്ള നടപടികൾ ഊർജിതപ്പെടുത്തുക.
സ.ഉ.(സാധാ) നം. 1275/2009 ത.സ്വ.ഭ.വ, തീയ്യതി 30.05.2009 ഉത്തരവിലെ മാർഗ്ഗ നിർദേശമനുസരിച്ച് മുഴുവൻ കുടിവെള്ള പദ്ധതികളും ഗുണഭോക്താക്കൾക്ക് കൈമാറാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 29/25.02.2022)

## 1-25 മുൻകൂർ തുക ക്രമീകരിച്ചില്ല

2019-20 സാമ്പത്തിക വർഷത്തിലെ മുൻകൂർ രജിസ്റ്ററനുസരിച്ച് 20.01.2020-ലെ 00041 നമ്പർ ചെക്ക് പ്രകാരം ശ്രീ.ശ്രീനിവാസൻ, സീനിയർ ക്ലാർക്കിന് Advance For Parcel Charge Of Gramalakshmi Mudralayam Stationery Meterials എന്ന ഇനത്തിൽ 7500 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ടി തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച വിശദീകരണമാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 08/20.02.2022) മറുപടി നൽകിയില്ല.
മുൻകൂർ തുക ക്രമീകരിക്കുകയോ അല്ലാത്ത പക്ഷം ടി തുക നിയമാനുസൃതമായ പലിശ സഹിതം ടിയാനിൽ നിന്ന് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.
**തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.**

## 1-26 കുടിവെള്ള, ജലസേചന പദ്ധതികളുടെ തുടർനടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏൽപിച്ചിട്ടില്ല

പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.11/2018/തസ്വഭവ/29.1.2018 ഖണ്ഡിക 7.16(ബി) പ്രകാരം ജലസേചന പ്രൊജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖരസമിതി/ ഗുണഭോക്തൃ സമിതി എന്നിവയുടെ ചുമതലയായി പ്രൊജക്റ്റിൽ വ്യവസ്ഥ ചെയ്യണം. കൂടാതെ കുടിവെള്ള പ്രൊജക്റ്റുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും പരിപാലനവും ഗുണഭോക്തൃ സമിതിയുടെ ചുമതലയായിരിക്കേണ്ടതാണ്. നഗരസഭയിൽ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഓഡിറ്റ് വർഷം പണി ആരംഭിച്ച/പൂർത്തീകരിച്ച കുടിവെള്ള, ജലസേചന പദ്ധതികളുടെ തുടർനടത്തിപ്പും സംരക്ഷണവും കരാർ വച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ചതിന്റെയും നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റേയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയ ഫയലുകളിൽ ലഭ്യമല്ല. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്/നം. | ചെലവ് തുക |
|---|---|---|
| 1 | ഉമിക്കുന്ന് SC കോളനി കുടിവെള്ള പദ്ധതി (99/19-20) | 100000 |
| 2 | കണ്ണമ്മപ്പടി കുടിവെള്ള പദ്ധതി (209/19-20) | 82840 |
| 3 | തോട്ടിങ്ങൽ കോളനി കുടിവെള്ള പദ്ധതി (218/19-20) | 168175 |
| 4 | ശ്രീശൈലം കുടിവെള്ള പദ്ധതി (247/19-20) | 150000 |
| 5 | കൊമ്മംകോട് കുടിവെള്ള പദ്ധതി (285/19-20) | 290702 |

കുടിവെള്ള പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോൾ ഗുണഭോക്തൃ സമിതികളുമായി കരാറുണ്ടാക്കി പദ്ധതികളുടെ തുടർ നടത്തിപ്പും, സംരക്ഷണവും ഉറപ്പാക്കേണ്ടതാണ്.

**1-27 അക്കൌണ്ടന്റ് തസ്തികയിൽ മുൻകൂർ അനുമതിയില്ലാത്ത നിയമനം- ചെലവ് തുക തടസ്സപ്പെടുത്തുന്നു**

പട്ടാമ്പി നഗരസഭ 19.02.2018-ലെ 7(1) നമ്പർ കൗൺസിൽ തീരുമാന പ്രകാരം നഗരസഭയുടെ അക്കൗണ്ടന്റിനെ സഹായിക്കുന്നതിനായി ശ്രീ.അബ്ദുൾ മനാഫ്, E.R എന്നയാളെ അക്കൗണ്ടിംഗ് അസിസ്റ്റന്റായി 2018-19 കാലയളവ് മുതൽ നിയമിച്ചത് 2019-20 ലും തുടർന്നു വരുന്നു. ടിയാനെ പ്രതിദിനം 1250 രൂപ വേതന നിരക്കിലാണ് ഈ തസ്തികയിൽ നിയമിച്ചിട്ടുള്ളത്. നഗരസഭാ കൗൺസിൽ തീരുമാനം നമ്പർ 26/തീയ്യതി 28.01.19 പ്രകാരം നിയമിക്കുകയും പിന്നീട് 2020 മാർച്ച് വരെ നിയമന കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

2019-2020 സാമ്പത്തിക വർഷങ്ങളിൽ അക്കൗണ്ടന്റ് തസ്തികയിൽ സ്ഥിരം ജീവനക്കാരൻ ഉണ്ടായിരിക്കുകയും തദ്ദേശ സ്വയംഭരണ (ബി) വകുപ്പിന്റെ 01.12.2010 ലെ നമ്പർ 68951/IB2/2010LSGD ഉത്തരവു പ്രകാരം ICWAI യിൽ നിന്നുള്ള രണ്ട് സ്റ്റുഡന്റ്സ് ട്രെയ്നികൾ അക്കൗണ്ടിംഗ് അസിസ്റ്റന്റ് തസ്തികയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്തിരുന്ന 2019-20 ലും മേൽ പറഞ്ഞ വ്യക്തിക്ക് വേതനം നൽകിയിട്ടുണ്ട്.

2019-20 കാലയളവിൽ ഈയിനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ശ്രീ.അബ്ദുമനാഫ്, അക്കൌണ്ടിംഗ് അസിസ്റ്റന്റ് - 1250/Day

| 04/19 | 05/19 | 06/19 | 07/19 | 08/19 | 09/19 | 10/19 | 11/19 | 12/19 | 01/20 | 02/20 | 03/20 | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| 2500 Vr.No 92,93/ 3.5.19 | 0 | 7500/ Vr.No 15/ 4.6.19 | 10000/ Vr.No 85/ 23.7.19 | 15000/- Vr.No 89/ 204466/ 29.8.19 | 8750/- Vr.No 106/ 07.9.19 | 5000/- Vr.No 117/ 27.10.19 | 12500 Vr.No. 50/ 21.11.19 | 8750 Vr.No 88/ 23.12.19 | 8750/ 133/ 29.1.20 HDFC | 8750/ Vr.No. 58/ 10.2.20 | 8750/ 56/ 13.3.20 000124 | 96250 |

ജി.ഒ.(പി)നം.81/2019/ധന. തീയ്യതി 09/07/19 ൽ ദിവസ വേതനത്തിന് വ്യക്തികളെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി മാനദണ്ഡങ്ങൾ പാലിക്കാതെ, ഭരണ വകുപ്പിൽ നിന്നോ, സർക്കാരിൽ നിന്നോ പ്രത്യേക അനുമതി വാങ്ങാതെ, കൗൺസിൽ തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുകയും സേവനം ദീർഘിപ്പിച്ചു കൊടുക്കുകയുമാണ് ചെയ്തു വരുന്നത്.

നിയമനം ക്രമപ്രകാരമല്ലെന്നും ഈയിനത്തിൽ തുക ചെലവഴിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്നും 2018-19 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും (ഖണ്ഡിക (ഭ21-1 കാണുക) സർക്കാർ സാധൂകരണം ലഭ്യമാക്കിയിട്ടിയിട്ടില്ല.

2018-19 ലെ പോലെത്തന്നെ 2019-20 വർഷത്തിലും രണ്ട് പരിശീലനാർത്ഥികളും ഒരു സഹായിയും ഉൾപ്പെടെ 4 പേരാണ് അക്കൗണ്ടിംഗ് വിഭാഗം കൈകാര്യം ചെയ്തു കൊണ്ടിരുന്നത്.

ക്ഷമതയുള്ള അധികാര സ്ഥാനത്തിൽ നിന്നുള്ള അനുമതിയില്ലാതെ ഈ തസ്തികയിൽ ദിവസ വേതനത്തിന് നിയമിച്ച നടപടി അംഗീകരിക്കുന്നില്ല. 2019-20 വർഷത്തിൽ ഈയിനത്തിൽ ചെലവഴിച്ച 96250 രൂപ, തടസ്സപ്പെടുത്താതിരിക്കാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് രേഖാമൂലം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 19.02.2022-ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയില്ല. ആയതിനാൽ മുൻകൂർ അനുമതിയില്ലാത്ത ഈ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-28 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല**

2019-20 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു

ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് . എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 282/-രൂപ നിരക്കിൽ ബാരലിന്റെ വില 34122 / രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതും, ഇതിൽ 27980രൂപ മുനിസിപ്പൽ ഫണ്ടിൽ അടക്കേണ്ടതും 6142 രൂപ ജി.എസ്.ടി ഇനത്തിൽ നിർദ്ദിഷ്ട ശീർഷകത്തിൽ ഒടുക്കേണ്ടതുമാണ്. (കൂടുതൽ വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്).

## 1-29 ഗ്രാന്റ് വിനിയോഗത്തിലെ അലംഭാവം ഒഴിവാക്കേണ്ടതാണ്

ലഭ്യമായ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാത്തതു മൂലം തൻവർഷം ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ 2.13 കോടി രൂപ നഗരസഭയ്ക്ക് നഷ്ടപ്പെട്ടു.

| ഗ്രാന്റിനം | അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 5192552 | 4018469 | 1174083 |
| വികസന ഫണ്ട്-എസ്.സി.പി | 13894000 | 6556543 | 7337457 |
| മെയിന്റനൻസ്ഗ്രാന്റ് -റോഡ് | 14052000 | 6773886 | 7278114 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 3251000 | 2494967 | 756033 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 6962000 | 2212110 | 4749890 |
| ആകെ | 43351552 | 22055975 | 21295577 |

## 1-30 വിന്നോവർ പാറ്റൽ യന്ത്രം വാങ്ങൽ- കരാർ ചമച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് | 331/20-വിൻ-ഓവർ പാറ്റൽ യന്ത്രം വാങ്ങൽ |
| അടങ്കൽ | 50,000 (പൊതു വിഭാഗം, ജനറൽ)+ 4,000 + 6,000 (മറ്റുള്ളവ)=<br>ആകെ അടങ്കൽ 60,000 |
| ചെലവ് | 50,000 (തനത് ഫണ്ട്) |
| ബിൽ. നം, (തുക, തീയതി) | 6 (25,000, 19-3-20), 7 (25,000, 19-3-20) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ പദ്ധതി പ്രകാരം പട്ടാമ്പി നഗരസഭയിലെ കൊടലൂർ പാടം, ലിഫ്റ്റ് ഇറിഗേഷൻ കീഴായൂർ എന്നീ പാടശേഖര സമിതികൾക്ക് വിന്നോവർ യന്ത്രങ്ങൾ നൽകിയിട്ടുണ്ട്. സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങളുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ലെ ഖണ്ഡിക 6.1(8) പ്രകാരം കാർഷിക യന്ത്രങ്ങൾക്ക് സബ്സിഡി അനുവദിക്കുമ്പോൾ യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കുവെന്നും സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനെക്കാൾ 20% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാമെന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ള കരാർ ചമയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയിൽ ഇപ്രകാരം ചെയ്തു കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/21-2-22) മറുപടിയായി എത്രയും പെട്ടെന്ന് എഗ്രിമെന്റ് തയ്യാറാക്കുന്നതാണെന്നും ഭാവിയിൽ ഇത്തരത്തിലുള്ള പിഴവുകൾ ആവർത്തിക്കുകയില്ല എന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-31 ആഴ്ച ചന്ത നിർമ്മാണം പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് ആഴ്ച ചന്ത നിർമ്മാണം. കർഷകർക്കും ചെറുകിട ഉത്പാദകർക്കും ആഴ്ച ചന്തയിൽ നേരിട്ട് വിപണനം നടത്തുന്നതിനായി 15 മൂവബിൾ ടെന്റുകളാണ് പദ്ധതിപ്രകാരം നിർമ്മിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിയിൽ ലക്ഷ്യമിട്ടതു പ്രകാരമുള്ള പ്രവർത്തനം നാളിതു വരെയും ആരംഭിച്ചിട്ടില്ല. ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ മത്സ്യ മാർക്കറ്റിന് സമീപത്തായി 15 ടെന്റുകളും ഉപയോഗ ശൂന്യമായി കൂടിക്കിടക്കുന്ന അവസ്ഥയിലാണെന്ന് കണ്ടു.




## പ്രവർത്തിയുടെ വിശദാംശങ്ങൾ, ചെലവ്

GI പൈപ്പ് കൊണ്ടുള്ള 1.5" X 3" അളവിലുള്ള 15 ടെന്റുകൾ (ബങ്കുകൾ) ഗാൽവനൈസ്ഡ് അയൺഷീറ്റ് മേൽക്കൂരയോടു കൂടി നിർമ്മിച്ചിട്ടുണ്ട്. ചന്തയുടെ ഇടവേളകളിൽ മാറ്റി സ്ഥാപിക്കുന്നതിനായി ചക്രം സ്ഥാപിച്ച് മൂവബിൾ ആയാണ് ഇവ നിർമ്മിച്ചിട്ടുള്ളത്. ക്വട്ടേഷൻ നടപടികളിലൂടെ സാധനങ്ങൾ വാങ്ങി തൊഴിലുറപ്പ് പദ്ധതിയിലെ വിദഗ്ധ/അവിദഗ്ധ തൊഴിലാളികളെ ഉപയോഗപ്പെടുത്തിയാണ് പദ്ധതി നിർവ്വഹിച്ചിട്ടുള്ളത്. 15 ടെന്റുകൾക്കും നഗരസഭയുടെ പേര് എഴുതിയ ബോർഡും പിടിപ്പിച്ചിട്ടുണ്ട്.

ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

TS നം. 49/AUEGs/19-20 തീയതി 30.05.19 പ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത റഹ്മത്ത് സ്റ്റീൽസ്, പട്ടാമ്പി എന്ന സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

എസ്റ്റിമേറ്റ് തുക-488000

ആകെ ചെലവ്-476277

| ക്രമ നം. | ചെലവ് വിവരങ്ങൾ | ബിൽ നം. /തീയതി | തുക |
|---|---|---|---|
| 1 | GI പൈപ്പ്, ഷീറ്റ്, പെയിന്റ് | ബിൽനം-941/22.08.2019 | 281294 |
| 2 | ബ്രഷ്, വെൽഡിംഗ് ചാർജ്ജ്, മെഷീൻ വാടക | ബിൽനം 955/03.09.2019 | 13000 |
| 3 | GI Wheels, 60 എണ്ണം | ബിൽനം942/23.08.19 | 78000 |
| 4 | Name Board, മൾട്ടിവുഡ് (15 എണ്ണം) | ബിൽനം-954/2.08.19 | 54750 |
| 5 | എം.ബുക്ക് നം. 49/19-20 | തൊഴിലാളികളുടെ കൂലി | 49233 |
| | | ആകെ | 476277 |

വൻതുക ചെലവഴിച്ച് നിർമ്മിച്ച ഈ ടെന്റുകൾ ഉപയോഗപ്പെടുത്താതെ തുറസ്സായ സ്ഥലത്ത് കൂട്ടി ഇട്ടിരിക്കുന്നതിനാൽ തുരുമ്പിച്ച് നശിച്ച് പോകുന്ന അവസ്ഥയിലാണുള്ളത്. ഇതു സംബന്ധിച്ച് ഓഡിറ്റ്

എൻക്വയറി നം. 20/26.02.22 പ്രകാരം അന്വേഷണം നടത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 26.02.22 ന് നടത്തിയ എക്സിറ്റ് യോഗത്തിലും ഈ വിവരം നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. വഴിയോരക്കച്ചവടക്കാരെയും മറ്റ് ചെറുകിട കർഷകരെയും ഉദ്ദേശിച്ചാണ് പദ്ധതി നടപ്പിലാക്കിയതെന്നും വിവിധ കാരണങ്ങളാൽ പ്രവർത്തനം ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും പദ്ധതിയിൽ ലക്ഷ്യമിട്ടതു പോലെയുള്ള പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണെന്നും കൗൺസിൽ ഉപാധ്യക്ഷൻ ഓഡിറ്റിനെ അറിയിച്ചു.

**<u>ഓഡിറ്റ് നിർദ്ദേശം</u>**

പ്രധാനമായ ഒരു വികസനലക്ഷ്യം മുൻനിർത്തി പദ്ധതികൾക്കായി തുക ചെലവഴിക്കുകയും ഈ ലക്ഷ്യത്തിലേക്കെത്താതെ പദ്ധതികൾ ഉപേക്ഷിക്കുകയും ചെയ്യുന്നത് നഗരസഭയുടെ പൊതുവായ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 15 ടെന്റുകളും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കേണ്ടതും പദ്ധതിയിൽ ലക്ഷ്യമിട്ടതനുസരിച്ചുള്ള പ്രവർത്തനങ്ങൾ എത്രയും വേഗം നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.
തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- മോണിറ്ററിംഗ് നടത്തേണ്ടതാണ്

ദേശീയ നഗര ഉപജീവന മിഷൻ (NULM) പദ്ധതിയിലെ സാമൂഹ്യ സംഘാടനവും സ്ഥാപന വികസനവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി നഗരസഭയിലെ 42 അയൽക്കൂട്ടങ്ങൾക്ക് തൻവർഷം 10000 രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും 17.03.2020 നാണ് തുക സി.ഡി.എസ് അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുള്ളത്. അയൽക്കൂട്ടങ്ങൾ റിവോൾവിംഗ് ഫണ്ട് ഉപയോഗിച്ചു നടപ്പിലാക്കിയിട്ടുള്ള സംരംഭക പ്രവർത്തനങ്ങളുടെ വിവരവും പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയും വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

പരിശോധനയിൽ 42 അയൽക്കൂട്ടങ്ങളിൽ 40 ഉം റിവോൾവിംഗ് ഫണ്ട് വിനിയോഗിച്ച് പ്രവർത്തിക്കുന്നതായും രണ്ട് അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കാത്തതിനാൽ തുക തിരിച്ചടച്ചിട്ടുള്ളതായും കണ്ടെത്തി. 2001 മുതൽ 2019 വരെ വിവിധ വർഷങ്ങളിൽ രൂപീകരിച്ചിട്ടുള്ള അയൽക്കൂട്ടങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. അയൽക്കൂട്ടത്തിന് നൽകിയ തുക തെരഞ്ഞെടുക്കുന്ന ഒരംഗത്തിന് നൽകുകയും വിവിധ പ്രവർത്തനങ്ങളിലൂടെ ലാഭം ഉണ്ടാക്കി ഈ അംഗം അയൽക്കൂട്ടത്തിലേക്ക് തിരിച്ചടക്കുകയും വീണ്ടും അടുത്ത അയൽക്കൂട്ടാംഗത്തിന് തുക നൽകുകയും ചെയ്യുന്ന രീതിയിലാണ് റിവോൾവിംഗ് ഫണ്ടിന്റെ വിനിയോഗം. കോഴി വളർത്തൽ, ആട്ടുവളർത്തൽ, പച്ചക്കറി കൃഷി, തയ്യൽ, പലഹാര നിർമ്മാണം, ട്യൂഷൻ സെന്റർ, കാന്റീൻ, കാറ്ററിംഗ്, തുണിക്കച്ചവടം, ഗ്യാസ് ഏജൻസി, സോപ്പ് നിർമ്മാണം, തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. NULM കമ്മ്യൂണിറ്റി ഓർഗനൈസർ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചു വരുന്നുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഇത്തരം സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ പ്രാദേശിക ഭരണകൂടവും സി.ഡി.എസ് സംവിധാനവും ഒന്നിച്ചുള്ള വിലയിരുത്തൽ സമിതിയുടെ തുടർച്ചയായ നിരീക്ഷണങ്ങൾക്ക് വിധേയമാക്കേണ്ടതാണ്.

## 1-33 ഡെപ്പോസിറ്റ് പ്രവൃത്തി - പൂർത്തീകരണ/ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം

നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി തനത് ഫണ്ടിൽ നിന്നും പട്ടാമ്പി കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| Sl. No. | Vr.No & Date | Cheque No. & Date | Amount |
|---|---|---|---|
| 1 | 29/6.12.19 | 750814/6.12.19 | 10638/- |
| | | | |

| | | | |
|---|---|---|---|
| 2 | 137/30.1.20 | 000065/30.1.20 | 18848/- |
| 3 | 98/27.2.20 | 000097/27.2.20 | 29391/- |
| 4 | 67/10.3.20 | 000131/10.3.20 | 14155/- |

ഈ തുകകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 15/23.02.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ മേൽ പറഞ്ഞ നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ - രൂ.6020.00 നഷ്ടം

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ, (2020 ലെ ഭേദഗതികൾക്ക ശേഷം അറിയപ്പെടുന്നത് 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടങ്ങളിലെ ചട്ടം 15 ലെ വ്യവസ്ഥകൾ പ്രകാരം യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ കുതിര ശക്തിയുടെ അടിസ്ഥാനത്തിൽ ഈടാക്കാവുന്നതാണ്. 2019-20 വർഷത്തിൽ ലൈസൻസ് അനുവദിച്ച സൂപ്പർ ഗ്രാനൈറ്റ്സ് എന്ന ക്രഷർ യൂണിറ്റ് സ്ഥാപനത്തിൽ നിന്നും ചട്ട പ്രകാരമുള്ള യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ ഈടാക്കിയിട്ടില്ല. വാർഷിക ഫീ ഈടാക്കിരിക്കുന്നത് അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ CONCENT TO OPERATE ൽ സാക്ഷ്യപ്പെടുത്തിയ കുതിരശക്തി അടിസ്ഥാനമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസിയുടെ പേര് &നമ്പർ | CONCENT TO OPERATE പ്രകാരം PCB സാക്ഷ്യപ്പെടുത്തിയ കുതിരശക്തി | ഈടാക്കിയ യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ | ഈടാക്കേണ്ട യന്ത്ര സാമഗ്രികൾക്കുള്ള വാർഷിക ഫീ | കുറവ് |
|---|---|---|---|---|---|
| 1 | കെ.ടി.സെയ്തു മുഹമ്മദ് (ലൈ നം.2324) സൂപ്പർ ഗ്രാനൈറ്റ്സ്, ശങ്കരമംഗലം (PCB/PLKD/ICO/ F/264/2018/ 22.3.18) | 1265 HP | 16780.00 (964 HP) (Receipt No: 118030128629 Dtd. 28.2.19) | 22800.00 (First 200 HP – Rs.1500 + 1065 HP X 20 = 21300.00 ) | 6020 |

മേൽ സൂചിപ്പിച്ച പ്രകാരം നഗരസഭയ്ക്ക് 6020.00 രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. ഈ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

സ്റ്റോൺ ക്രഷറുകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ 2011 ലെ കേരള മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 ലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ സൂപ്പർ ഗ്രാനൈറ്റ്സ് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികളും അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല

2019-20 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 282/-രൂപ നിരക്കിൽ ബാരലിന്റെ വില 34122 / രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതും, ഇതിൽ 27980 രൂപ മുനിസിപ്പൽ ഫണ്ടിൽ അടക്കേണ്ടതും 6142 രൂപ 18% ജി.എസ്.ടി ഇനത്തിൽ നിർദ്ദിഷ്ട ശീർഷകത്തിൽ ഒടുക്കേണ്ടതുമാണ്.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം., തുക, അളവു പുസ്തകം | ആവശ്യമായ ബിറ്റുമിൻ(Kg) (As Per Adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 282/- |
|---|---|---|---|---|
| 1 | 205/19-20-ലിബർട്ടി സ്ട്രീറ്റ്- കുളപ്രത്ത് പാറ-റോഡ് റീടാറിംങ് കരാറുകാരൻ-പി.നൗഷാദ് | 10/2-5-19 63047 ചെക്ക്.നം. 750788-200000/- 106/18-19 | VG-30–1872.36 /156=12 RS1-169.20 /182=0.92 | 13x282= 3666 |
| 2 | 270/19-20-സ്നേഹവീഥി റോഡ് മെറ്റലിംങ്, ടാറിംങ് കരാറുകാരൻ-എ.എം.യൂസഫ് | 41/14-01-20 196667 145/18-19 | VG-30 – 539.125/ 156=3.45 RS1-70.27/182 =.38 SS1-217.18/ 200=1.08 | 5x282 =1410 |
| 3 | 122/19-20-ചോലയിൽ കോളനി റോഡ് റീ ടാറിംങ് കരാറുകാരൻ-എൻ.ടി.ഹംസ | 4/2-05-19 286670/- 95/18-19 | VG-30 – 2025.64/ 156=12.98 RS1-182/182=1 | 14x282 =3948 |
| 4 | 208/19-20-തെക്കുംമുറി ഐസ് പ്ലാന്റ് റോഡ് റീടാറിംങ് കരാറുകാരൻ-പി.നൗഷാദ് | 11/2-05-19 193467 100/18-19 | VG-30–1373.88/ 156 =8.80 RS1-123.30/ 182=.67 | 9x282 = 2538 |
| 5 | 241/19-20-തെക്കുംമുറി കിണർ മുതൽ മറുകര മൊയ്തൂട്ടി വീട് വരെ റീ-ടാറിംങ് | 18/26-7-2019 -288135 128/18-19 | VG-30–1373.88/ 156 =8.80 | 16x282 =4512 |

| | | | | |
|---|---|---|---|---|
| | എം.വി.അബ്ദുൾ റസാഖ് | | RS1-123.30/ 182=.67 | |
| 6 | 243/19-20- പെരിന്തൽമണ്ണ- മൂർക്കാട്ട് പറമ്പ് റോഡ് റീടാറിംങ -എ.എം.യൂസുഫ് | 20/16-8-19 -197079 132/18-19 | VG-30– 1563.734/ 156=10.02 RS1-142.41/ 182=.78 | 11x282 =3102 |
| 7 | 237/19-20 സമന്വയ -ക്ലബ്ബ്- ഇരുതിയൻ കാവ് റോഡ് -എ.എം.യൂസഫ് | 21/16-8-19 -198330 133/18-19 | VG-30– 1540.292/ 156=9.87 RS1-138.337/ 182=.78 | 11x282 =3102 |
| 8 | 239/19-20- ആശാരിക്കോളനി- ശങ്കരമംഗലം- രണ്ടാം മൈൽ റോഡ് റീ ടാറിംങ് -എ.എം.യൂസഫ് | 26/22-10-19 -397112 108/18-19 | VG-30– 3093.16/ 156=19.82 RS1-277.16/ 182=1.52 | 21x282 =5922 |
| 9 | 239/19-20- പതിയിൽ റോഡ് റീടാറിംങ് -എ.എം.യൂസഫ് | 27/22-10-19 -187408 131/18-19 | VG-30– 1520.69/ 156=9.74 RS1-138.99/ 182=.76 | 10x282 =2820 |
| 10 | 240/19-20-4-)ം വാർഡിൽ റോഡ് പുനരുദ്ധാരണം --എ.എം.യൂസഫ് | 29/23-10-19 -187408 131/18-19 | VG-30– 1546.44/156 =9.91 RS1-139.09 /182=.76 | 11x282 =3102 |
| | | | ആകെ | 34122 |

നം.13/21-02-2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ നഷ്ട സംബന്ധമായ തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ അറിയിച്ചു

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 14.02.2022 മുതൽ 26.02.2022 വരെ 2019-20, 20-21 വർഷങ്ങളിലെ ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾ ഇല്ല.

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2019-20 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന വേണ്ടി തനത് ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബി. പട്ടാമ്പിയിൽ നിക്ഷേപിച്ച തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നം./ തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KSEB | വിവിധ പ്രദേശങ്ങളിലെ വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 750814/ 6.12.19 | 10638/- | വിനിയോഗസാക്ഷ്യ പത്രം ലഭ്യമല്ല |
| | | 000065/ 30.1.20 | 18848/- | --ടി-- |
| | | 000097/ 27.2.20 | 29391/- | --- ടി-- |
| | | 000131/ 10.3.20 | 14155/- | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭക്ക് വായ്പയിനത്തിൽ **65600000** രൂപ വരവുണ്ട്. 2018-19 വർഷത്തെ വരവ് **13800000** രൂപ ഉൾപ്പെടെ ആകെ 79400000 രൂപ വായ്പ ഇനത്തിൽ ലഭ്യമായിട്ടുണ്ട്.

പ്രത്യേകം ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ലോൺ വരവിൽ നിന്നും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത തുക വ്യക്തമായി തിരിച്ചെടുക്കുന്നതിന് കഴിയുന്നില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| PMAY ഹഡ്കോ വായ്പ | TRO/PRG/69/2016/ 173 Dt 08.05.2017 | 65600000+ 13800000 (മുൻബാക്കി) =79400000 | 13800000 | 2740000 | - | 76660000 |

വായ്പ ഇനത്തിൽ വർഷാരംഭത്തിൽ തിരിച്ചടക്കാൻ 13800000 രൂപ അവശേഷിക്കുന്നുണ്ടെങ്കിലും 2018-19 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ KURDFC ലോൺ തുക ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഈ തുക

31.03.2019 ലെ ബാലൻസ്ഷീറ്റിൽ ഇല്ല.
2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലായി ആകെ 79400000 രൂപ വായ്പ ഇനത്തിൽ ലഭ്യമായിട്ടുണ്ട്. ഇതിൽ 2740000 രൂപ വായ്പ തിരിച്ചടവിനായി ജനറൽ, എസ്.സി.പി വിഭാഗം വികസനഫണ്ടിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. 31.03.2020 ലെ യഥാർത്ഥത്തിലുള്ള വായ്പ ബാലൻസ് 76660000 രൂപയാണ്. എന്നാൽ 2019-20 വർഷം ലഭ്യമായ 65600000 രൂപ മാത്രമാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയായി 2019-20 ലെ ബാലൻസ്ഷീറ്റിൽ B5 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നടപ്പുവർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ഈ കണക്ക് ക്രമീകരിക്കേണ്ടതും ലോൺ രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ച് വായ്പ ഇനത്തിലുള്ള വരവ്, തിരിച്ചടവ്, നീക്കിയിരിപ്പ് എന്നിവയും ലോൺ ഇനത്തിൽ നിന്നും പദ്ധതി നടത്തിപ്പിനായി കൈമാറിയ തുകയുടെ വിവരവും നിരീക്ഷിക്കേണ്ടതുമാണ്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഹെഡിൽ തൻവർഷം 87710 രൂപ വരവ് കാണിച്ചിട്ടുണ്ട്. ഇതിൽ 15000 രൂപ മാത്രമാണ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടുകൾ പ്രകാരം ഈടാക്കിയിട്ടുള്ളത്. ശേഷിക്കുന്ന 72710 രൂപ കംപ്ട്രോളർ &ഓഡിറ്റർ ജനറൽ ന്റെ 2013-14 മുതൽ 2016-17 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് പ്രകാരം അടവാക്കിയിട്ടുള്ളതാണ്. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-3 | 15000 | അധ്യ. ഹാരുൺ റഷീദ് | 119030108512/ 27.07.19 |

ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവ് **Other Income** എന്ന വരവ് ഹെഡിൽ വരവ് ചെയ്യുന്നതിനു പകരം **Other Liabilities** എന്ന ലയബിലിറ്റി ഹെഡിലാണ് (Head Code-350200125) വാർഷിക ധനകാര്യ പത്രികയിൽ വരവ് ചെയ്തിട്ടുള്ളത്. ആയത് ക്രമീകരിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം, ഖണ്ഡികനം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡികനം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2017-18 ഖ.3.16 | 2019-20 ഖ.3.1.1 | റെയിൽവെ ഫുട്ഓവർ ബ്രിഡ്ജ് നിർമ്മാണം- നടപടിക്രമങ്ങൾ പാലിക്കാതെതുക അനുവദിച്ചതിനാൽ425415 രൂപയു ടെ നഷ്ടം | അന്തിമ തീരുമാനം ലഭ്യമായിട്ടില്ല |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

------ ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല-------

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

------ ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല-------

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 38908229 |
| ഓഡിറ്റ് വർഷത്തെ വരവ് | 191788698 |
| ആകെ | 230696927 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 182547599 |
| നീക്കിയിരിപ്പ് | 48149328 |
| വരവിനങ്ങളിലുള്ള നഷ്ടം | 6020 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27980 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 96250 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-20 | 6020 | - | ശ്രീ.കൃഷ്ണരാജ് എൻ.പി, സെക്രട്ടറി |
| 3-1 | | 27980 | ശ്രീ.ഫിലിപ്പോസ് പണിക്കർ. സി, അസി. എഞ്ചിനീയർ |

**(സി) ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

( ഒന്നുമില്ല

**(ഡി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 96250 | 1. കൃഷ്ണരാജ് എൻ.പി, സെക്രട്ടറി – 48750/- രൂപ<br>2. ലതീഷ് കുമാർ.വി.വി, സെക്രട്ടറി – 47500/- രൂപ |

**(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക 1-19 –രൂപ.10600.00
ഖണ്ഡിക 3-1 – രൂപ.6142.00

**(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല

**(ജി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഫിലിപ്പോസ് പണിക്കർ, മുനിസിപ്പൽ എഞ്ചിനീയർ | റിട്ടയേർഡ് | മേച്ചിറയിൽ വീട് ചങ്ങായി മുക്ക്, പെരുമ്പുഴ കൊല്ലം – 691504 |
| കൃഷ്ണരാജ് എൻ.പി, മുനിസിപ്പൽ സെക്രട്ടറി | സെക്രട്ടറി, പിറവം മുനിസിപ്പാലിറ്റി | സരസ് ഭവൻ, ആൽത്തറ, വെള്ളാളൂർ പി.ഒ കിളിമാന്നൂർ, തിരുവനന്തപുരം -695601 |
| ലതീഷ് കുമാർ.വി.വി | അസി.സെക്രട്ടറി, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ | വരിക്കാട്ട് വീട് എറയംകുടി ഭഗവതി ക്ഷേത്രത്തിന് സമീപം, കല്ലൂർ, തെക്കുംമുറി, തൃശ്ശൂർ-680308 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടു വിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി8-2001/01 /11-6-2001 | 12 |
| 1997-98 | എൽ.എഫ്.പി18-2007/01 / 4-5-2001 | 16 |
| 1998-99 | എൽ.എഫ്.പി8-344/06 / 26-6-2006 | 16 |
| 1999-2000 | എൽ.എഫ്.പി13-604/03 / 31-12-2005 | 9 |
| 2000-01 | എൽ.എഫ്.പി13-577/10 / 22-10-2010 | 18 |
| 2001-02 | എൽ.എഫ്.പി13-603/05 / 16-09-2006 | 9 |
| 2002-03 | എൽ.എഫ്.പി13-110/12/ 8-02-2012 | 10 |
| 2003-04 | എൽ.എഫ്.പി13-1689/07/ 16-03-2012 | 8 |
| 2004-05 | എൽ.എഫ്.പി13-1689/07/ 16-03-2012 | 9 |
| 2005-06 | എൽ.എഫ്.പി13-1415(1)/12/ 3-10-2012 | 10 |
| 2006-07 | എൽ.എഫ്.പി13-1415(21)/12/ 3-10-2012 | 4 |
| 2007-08 | എൽ.എഫ്.പി13-1415(3)/12/ 3-10-2012 | 11 |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.പി13-102/15/ 8-4-15 | 11 |
| 2011-12 | എൽ.എഫ്.പി13-1809/13/18-3-2014 | 4 |
| 2012-13 | എൽ.എഫ്.പി13-874/15/ 31-6-15 | 10 |
| 2013-14& 2014-15 | എൽ.എഫ്.പി18-1879/15/ 7-4-2016 | 27 |
| 2015 നവംബറിൽ നഗരസഭ നിലവിൽ വന്നതിന് ശേഷമുള്ള ഓഡിറ്റ് റിപ്പോർട്ടികൾ ചുവടെ ചേർക്കുന്നു | | |
| 2015-16 | കെ.എസ്.എ പി.കെ.ഡി 22/166/17/14.02.17 | 15 |
| 2016-17 | കെ.എസ്.എ പി.കെ.ഡി 22/2011/ 17/20.11.17 | 32 |
| 2017-18 | കെ.എസ്.എ പി.കെ.ഡി 22/2011/ 17/20.11.17 | 39 |
| 2018-19 | കെ.എസ്.എ പി.കെ.ഡി-22/592/2020/12-05-2020 | 31 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## വിവിധ പത്രികകൾ

### 1. Receipts & Payment Statement

| Code.No | Description of hems | Schedule No | I |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 37873182.00 |
| Cash | Cash | RP-40(a) | 1035047.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 5148395.00 |
| 120000000 | Assigned Revenues, Shared Taxes and Compensations | RP-2 | 18.00 |
| | (BLOCKED) | | |
| 140000000 | Fees & User Charges | RP-4 | 5210394.00 |
| 150000000 | Sale & Hire Charges | RP-5 | 353524.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 33548508.00 |
| 171000000 | Interest Earned | RP-8 | 709461.00 |
| 180000000 | Other Income | RP-9 | 960.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 29081792.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 7018363.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 39414276.00 |
| 330000000 | Secured Loans | RP-25 | 65600000.00 |
| 340000000 | Deposits Received | RP-27 | 2075352.00 |
| 350000000 | Other Liabilities | RP-29 | 3574476.00 |
| 410000000 | Fixed Assets | RP-31 | 0.0 |
| 460000000 | Loans, Advances and Deposits | RP-41 | 53179.00 |
| | Grand total | | 230696927.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 15220844.00 |
| 220000000 | Administrative Expenses | RP-11 | 4233133.00 |
| 230000000 | Operations & Maintenance | RP-12 | 13136234.00 |
| 240000000 | Interest & Finance Charges | RP-13 | 3099.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 61721979.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1000000.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 5685982.00 |
| 252000000 | Decentralised Plan | RP-46 | 2154454.00 |

| | | | |
|---|---|---|---|
| | Programme- Infrastructure Sector | | |
| 253000000 | Decentralised Plan Programme- Projects not included in | RP-47 | 1947899.00 |
| | Sector Division | | |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 8825.00 |
| 341000000 | Deposit Works | RP-28 | 62394.00 |
| 350000000 | Other Liabilities | RP-29 | 7298764.00 |
| 430000000 | Stock-in-hand | RP-36 | 64100.00 |
| 440000000 | Pre-paid Expenses | RP-39 | 43147500.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-19 | -311400.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 31859.00 |
| 340000000 | Deposits Received | RP-27 | 743201.00 |
| 350000000 | Other Liabilities | RP-29 | 9539659.00 |
| 410000000 | Fixed Assets | RP-31 | 14853736.00 |
| 412000000 | Capital work in Progress | RP-33 | 50000.00 |
| 460000000 | Loans, Advances and Deposits | RP-41 | 1955337.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 48149328.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 230696927.00 |

## 2. Income & Expenditure Statement

| Code.No | Description of Items | Schedule No | I |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 26204395.00 |
| 120000000 | Assigned Revenues, Shared Taxes and Compensations | 1-2 | 18.00 |
| | (BLOCKED) | | |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 7000000.00 |
| 140000000 | Fee & User Charges | I-4(b) | 14197044.00 |
| 150000000 | Sale & Hire Charges | I-5(b) | 353524.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | 1-6 | 67160226.00 |
| | Subsidies | | |
| 171000000 | Interest Earned | 1-8 | 709461.00 |
| 180000000 | Other Income | 1-9 | 975.00 |
| | Total Income | | 115625643.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 25989362.00 |
| 220000000 | Administrative Expenses | I-11(b) | 7166225.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12(b) | 13379208.00 |
| 240000000 | Interest & Finance Charges | I-13 | 3099.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 50224735.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | 1-14 | 3930986.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 2154454.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14 | 1849075.00 |
| | Sector Division | | |
| 260000000 | Grants, Contributions & Compensation from Own Fund / | 1-15 | 8825.00 |
| | Subsidies | | |
| 272000000 | Depreciation | 1-17(a) | 4615820.00 |
| | Total Expenditure | | 109321789.00 |
| | Gross Surplus/ Deficit of income over Expenditure | | 6303854.00 |
| 280000000 | Prior Period Item | 1-18 | -396701.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 6700555.00 |
| 290000000 | Transfer to Reserve Funds | 1-18(a) | 0.0 |

**3. Asset & Liability Statement**

| Code.No | Description of hems | | Schedule No | I |
|---|---|---|---|---|
| | LIABILITIES | | | |
| | Reserve & Surplus | | | |
| 310000000 | Panchayat / Municipal Fund | B-1 | | 44985040.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | | 152129.00 |
| | Agency Fund | | | |
| 312000000 | Reserves | B-3 | | 49998249.00 |
| | Total Reserve & Surplus | | | 95135418.00 |
| | Grants, Contributions for Specific Purposes | | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | | 24656238.00 |
| | Total Grants, Contributions for Specific Purposes | | | 24656238.00 |
| | Loans | | | |

| | | | | |
|---|---|---|---|---|
| 330000000 | Secured Loans | B-5 | | 65600000.00 |
| | Total Loans | | | 65600000.00 |
| | Current Liabilities & Provisions | | | |
| 340000000 | Deposits Received | B-7 | | 16273121.00 |
| 341000000 | Deposits Works | B-8 | | -62394.00 |
| 350000000 | Other Liabilities | B-9 | | 3728756.00 |
| | Total Current Liabilities and Provisions | | | 19939483.00 |
| | TOTAL LIABILITIES | | | 205331139.00 |
| | ASSETS | | | |
| | Fixed Assets | | | |
| 410000000 | Fixed Assets | B-1 | 1 | 80735401.00 |
| 411000000 | Accumulated Depreciation | B-1 | 1 | -10355758.00 |
| 412000000 | Capital Work in Progress | B-1 | 1 | 50000.00 |
| | Total Fixed Assets | | | 70429643.00 |
| | Investments | | | |
| | Current Assets, Loans and Advances | | | |
| 430000000 | Stock-in-hand | | B-14 | 64100.00 |
| 431000000 | Sundry Debtors (Receivables) | | B-15 | 19487723.00 |
| 440000000 | Pre-paid Expenses | | B-16 | 65600000.00 |
| 450000000 | Cash and Bank Balance | | B-17 | 48149328.00 |
| 460000000 | Loans, Advances and Deposits | | B-18 | 1600345.00 |
| Page No : 1 | | | | |
| Total Current Assets, Loans and Advances | 134901496.00 | | | |
| Other Assets | | | | |
| Miscellaneous Expenditure (To the Extent not written off) | | | | |
| TOTAL ASSETS | 1205331139.00 | | | |